പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 171

# 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

Published on 02-12-18

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 171

# 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

1565/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 171

# 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

## 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമൊഴികെ, ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

എന്നാൽ, ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും, ഈ ആക്റ്റിന്റെ പ്രാരംഭം സംബന്ധിച്ച് അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഏതെങ്കിലും പരാമർശം, പ്രസ്തുത വ്യവസ്ഥയുടെ പ്രാബല്യം സംബന്ധിച്ച ഒരു പരാമർശമായി വ്യാഖ്യാനിക്കേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റിലെ (2017-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(എ) (4)-ാം ഖണ്ഡത്തിൽ, "അപ്പലേറ്റ് അതോറിറ്റി, അപ്പലേറ്റ് ട്രൈബ്യൂണൽ" എന്ന വാക്കുകൾക്കു പകരം "അപ്പലേറ്റ് അതോറിറ്റി, അപ്പലേറ്റ് ട്രൈബ്യൂണൽ, 171-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന അതോറിറ്റി" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ബി) (16)-ാം ഖണ്ഡത്തിൽ, "കേന്ദ്ര എക്സൈസും കസ്റ്റംസും ബോർഡ്" എന്ന വാക്കുകൾക്കു പകരം "കേന്ദ്ര പരോക്ഷ നികുതി കസ്റ്റംസ് ബോർഡ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (17)-ാം ഖണ്ഡത്തിൽ, (എച്ച്) ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്) ഒരു റെയ്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ, ഒരു ടോട്ടലൈസേറ്റർ വഴിയോ അല്ലെങ്കിൽ ബുക്ക്മേക്കർക്കുള്ള ഒരു ലൈസൻസ് ആയോ അല്ലെങ്കിൽ അങ്ങനെയുള്ള ക്ലബ്ബിലെ ലൈസൻസുള്ള ബുക്ക്മേക്കറുടെ പ്രവർത്തനങ്ങൾ വഴിയോ; കൂടാതെ;";

(ഡി) (18)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ഇ) (35)-ാം ഖണ്ഡത്തിൽ, "(സി) ഖണ്ഡത്തിൽ" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും അക്ഷരത്തിനും പകരം, "(ബി) ഖണ്ഡത്തിൽ" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്ഷരവും ചേർക്കേണ്ടതാണ്;

(എഫ്) (69)-ാം ഖണ്ഡത്തിൽ, (എഫ്) ഉപഖണ്ഡത്തിൽ, "371-ാം അനുച്ഛേദ പ്രകാരം" എന്ന വാക്കിനും അക്കങ്ങൾക്കും പകരം, "371-ാം അനുച്ഛേദവും 371 ജെ അനുച്ഛേദവും പ്രകാരം" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്;

(ജി) (102)-ാം ഖണ്ഡത്തിൽ, താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം.—"സേവനങ്ങൾ" എന്ന പദപ്രയോഗത്തിൽ സെക്യൂരിറ്റികളിന്മേലുള്ള ഇടപാടുകൾക്ക് സൗകര്യമൊരുക്കുകയോ അവ ഏർപ്പെടുത്തുകയോ ചെയ്യുന്നത് ഉൾപ്പെടുന്നതാകുന്നു, എന്ന് സംശയനിവാരണാർത്ഥം ഇതിനാൽ വ്യക്തമാക്കുന്നു;".

3. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ, 2017 ജൂലൈ 1-ാം തീയതി മുതൽ പ്രാബല്യത്തോടെ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിൽ, "സേവനം നൽകൽ;" എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "കൂടാതെ" എന്ന വാക്ക് ചേർക്കേണ്ടതും അത് എല്ലായ്പ്പോഴും ചേർക്കപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്;

(ii) (സി) ഖണ്ഡത്തിൽ, "പ്രതിഫലത്തിനല്ലാതെ" എന്ന വാക്കുകൾക്ക് ശേഷമുള്ള "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതും അത് എല്ലായ്പ്പോഴും വിട്ടുകളഞ്ഞതായി കരുതപ്പെടേണ്ടതുമാണ്;

(iii) (ഡി) ഖണ്ഡം വിട്ടുകളയേണ്ടതും, അത് എല്ലായ്പ്പോഴും വിട്ടുകളഞ്ഞതായി കരുതപ്പെടേണ്ടതുമാണ്;

(ബി) (1)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതും അത് എല്ലായ്പ്പോഴും ചേർക്കപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്, അതായത്:—

"(1എ) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, ചില പ്രവർത്തനങ്ങളോ ഇടപാടുകളോ ഒരു വിതരണമാകുന്നിടത്ത്, അവ II-ാം പട്ടികയിൽ പരാമർശിച്ചിട്ടുള്ള, ചരക്കുകളുടെ വിതരണമായോ സേവനങ്ങളുടെ വിതരണമായോ കരുതപ്പെടുന്നതാണ്.";

(സി) (3)-ാം ഉപവകുപ്പിൽ, "(1)-ഉം (2)-ഉം ഉപവകുപ്പുകളിലെ" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും പകരം "(1), (1എ), (2) എന്നീ ഉപവകുപ്പുകളിലെ" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

4. <u>9-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിനുപകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) സർക്കാരിന്, കൗൺസിലിന്റെ ശിപാർശകളിന്മേൽ, വിജ്ഞാപനംവഴി, രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഒരു വിതരണക്കാരനിൽ നിന്നും സ്വീകരിച്ചിട്ടുള്ള പ്രത്യേക വിഭാഗങ്ങളിലെ ചരക്കുകളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ വിതരണം സംബന്ധിച്ച്, അപ്രകാരമുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ അവ രണ്ടിന്റെയുമോ സ്വീകർത്താവ് എന്ന നിലയിൽ റിവേഴ്സ് ചാർജ്ജ് അടിസ്ഥാനത്തിൽ നികുതി നൽകേണ്ട, രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു വിഭാഗം ആളുകളെ വ്യക്തമാക്കാവുന്നതും, അപ്രകാരമുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ അവ രണ്ടിന്റെയുമോ വിതരണവുമായി ബന്ധപ്പെട്ട്, നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ആൾ എന്ന പോലെ ഈ ആക്റ്റിലെ എല്ലാ വ്യവസ്ഥകളും അപ്രകാരമുള്ള സ്വീകർത്താവിന് ബാധകമാകുന്നതുമാണ്.".

5. <u>10-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "അയാൾ നൽകേണ്ടതായ നികുതിക്ക് പകരം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ കണക്കാക്കപ്പെട്ട ഒരു തുക" എന്ന വാക്കുകൾക്ക് പകരം "9-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം അയാൾ നൽകേണ്ടതായ നികുതിക്ക് പകരം നിർണ്ണയിക്കാവുന്ന പ്രകാരമുള്ള നിരക്കിൽ കണക്കാക്കപ്പെട്ട ഒരു തുകയും" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ii) ക്ലിപ്തനിബന്ധനയിൽ, "ഒരു കോടി രൂപയിൽ" എന്ന വാക്കുകൾക്ക് പകരം "ഒരു കോടി അൻപതുലക്ഷം രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) ക്ലിപ്തനിബന്ധനക്കുശേഷം, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, (എ) ഖണ്ഡമോ (ബി) ഖണ്ഡമോ (സി) ഖണ്ഡമോ പ്രകാരം, നികുതി നൽകുവാൻ ഓപ്റ്റ് ചെയ്യുന്ന ഒരു ആൾ, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിലെ വിറ്റുവരവിന്റെ പത്ത് ശതമാനത്തിൽ അധികരിക്കാത്ത മൂല്യത്തിലോ അല്ലെങ്കിൽ അഞ്ച് ലക്ഷം രൂപയ്ക്കോ, ഇവയിൽ ഏതാണോ കൂടുതൽ അതിനുള്ള സേവനങ്ങൾ (II-ാം പട്ടികയിലെ 6-ാം ഖണ്ഡികയിലെ (ബി) ഖണ്ഡത്തിൽ പരാമർശിച്ചവരൊഴികെ), വിതരണം ചെയ്യേണ്ടതാണ്.";

(ബി) (2)-ാം ഉപവകുപ്പിൽ, (എ) ഖണ്ഡത്തിനു പകരം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എ) (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, സേവനങ്ങൾ വിതരണം ചെയ്യുന്നതിൽ അയാൾ ഏർപ്പെട്ടിട്ടില്ലാത്ത പക്ഷം;".

6. <u>12-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പ്, (2)-ാം ഉപവകുപ്പ്, (എ) ഖണ്ഡത്തിൽ, "(1)-ാം ഉപവകുപ്പ്" എന്ന വാക്കും ബ്രാക്കറ്റുകളും അക്കവും വിട്ടുകളയേണ്ടതാണ്.

7. <u>13-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 13-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ, രണ്ട് സ്ഥലങ്ങളിലും വരുന്ന "(2)-ാം ഉപവകുപ്പ്" എന്ന വാക്കും ബ്രാക്കറ്റുകളും അക്കവും വിട്ടുകളയേണ്ടതാണ്.

8. <u>16-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിലെ, (2)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡത്തിൽ, വിശദീകരണത്തിനുപകരം, താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"<u>വിശദീകരണം.</u>—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങളിലേക്കായി,—

(i) ഉടമസ്ഥാവകാശ പ്രമാണങ്ങളുടെ കൈമാറ്റത്തിലൂടെയോ അല്ലാതെയോ, ചരക്കുനീക്കത്തിന്റെ സമയത്തോ അതിനുമുമ്പോ, സ്വീകർത്താവിനോ മറ്റേതെങ്കിലും ആളിനോ, രജിസ്റ്റർ ചെയ്ത ആളുടെ നിർദ്ദേശാനുസരണം, ഏജന്റായി പ്രവർത്തിക്കുന്നതായാലും അല്ലെങ്കിൽ മറ്റുവിധത്തിലും, വിതരണക്കാരൻ ചരക്കുകൾ നൽകുന്നിടത്ത്;

(ii) അങ്ങനെ രജിസ്റ്റർ ചെയ്ത ആളുടെ നിർദ്ദേശാനുസരണവും അയാൾക്ക് വേണ്ടിയും, വിതരണക്കാരൻ സേവനങ്ങൾ മറ്റേതെങ്കിലും ആളിന് നൽകുന്നിടത്ത്,—

രജിസ്റ്റർ ചെയ്ത ആൾ, അതതു സംഗതി പോലെ, ചരക്കുകളോ സേവനങ്ങളോ, സ്വീകരിച്ചതായി കരുതപ്പെടുന്നതാണ്.";

(ബി) (സി) ഖണ്ഡത്തിൽ, "41-ാം വകുപ്പിലെ" എന്ന വാക്കിനും അക്കങ്ങൾക്കും പകരം "41-ാം വകുപ്പിലെയോ അല്ലെങ്കിൽ 43<u>എ</u> വകുപ്പിലെയോ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

9. <u>17-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ, താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"<u>വിശദീകരണം.</u>—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങളിലേക്കായി, "ഒഴിവാക്കപ്പെട്ട വിതരണത്തിന്റെ മൂല്യം" എന്ന പദപ്രയോഗത്തിൽ, III-ാം പട്ടികയിലെ 5-ാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുള്ളവ ഒഴികെയുള്ള പ്രവർത്തനങ്ങളുടെയോ ഇടപാടുകളുടെയോ മൂല്യം ഉൾപ്പെടുന്നതല്ല.";

(ബി) (5)-ാം ഉപവകുപ്പിൽ, (എ), (ബി) എന്നീ ഖണ്ഡങ്ങൾക്കുപകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(എ) ആളുകളെ വഹിച്ചുകൊണ്ടു പോകുന്നതിന് പതിമൂന്ന് ആളുകളിൽ കൂടാതെ, അനുവദിക്കപ്പെട്ട ഇരിപ്പിട സൗകര്യമുള്ള, മോട്ടോർ വാഹനങ്ങൾ (ഡ്രൈവർ ഉൾപ്പെടെ), അവ താഴെപ്പറയുന്ന നികുതി വിധേയമായ വിതരണങ്ങൾ നടത്തുന്നതിന് ഉപയോഗിക്കുമ്പോൾ ഒഴികെ, അതായത്:—

(എ) അങ്ങനെയുള്ള വാഹനങ്ങളുടെ വീണ്ടുമുള്ള വിതരണം; അല്ലെങ്കിൽ

(ബി) യാത്രക്കരെ വഹിച്ചു കൊണ്ടു പോകൽ; അല്ലെങ്കിൽ

(സി) അങ്ങനെയുള്ള മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പരിശീലനം നൽകൽ;

(എഎ) യാനങ്ങളോ വിമാനമോ അവ,—

(i) താഴെപ്പറയുന്ന നികുതി വിധേയമായ വിതരണങ്ങൾ, അതായത്:—

(എ) അങ്ങനെയുള്ള യാനങ്ങളുടെയോ വിമാനത്തിന്റെയോ വീണ്ടുമുള്ള വിതരണം; അല്ലെങ്കിൽ

(ബി) യാത്രക്കാരെ വഹിച്ചുകൊണ്ടു പോകൽ; അല്ലെങ്കിൽ

(സി) അങ്ങനെയുള്ള യാനങ്ങൾ ഓടിക്കുന്നതിനുള്ള പരിശീലനം നൽകൽ; അല്ലെങ്കിൽ

(ഡി) അങ്ങനെയുള്ള വിമാനങ്ങൾ പറത്തുന്നതിനുള്ള പരിശീലനം നൽകൽ;

(ii) ചരക്കുകൾ കൊണ്ടുപോകുന്നതിന്, എന്നിവയ്ക്ക് ഒഴികെ ഉപയോഗിക്കുമ്പോൾ;

(എബി) (എ) ഖണ്ഡത്തിലോ (എഎ) ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള മോട്ടോർ വാഹനങ്ങളെയോ യാനങ്ങളെയോ വിമാനത്തിനെയോ സംബന്ധിച്ചുള്ള, പൊതു ഇൻഷുറൻസിന്റെ സേവനങ്ങളും സേവനങ്ങൾ നൽകലും, കേടുപാടുകൾ തീർക്കലും അറ്റകുറ്റപ്പണികളും:

എന്നാൽ, അങ്ങനെയുള്ള സേവനങ്ങളെ സംബന്ധിച്ച നിക്ഷേപ വിഭവ നികുതിയിളവ്,—

(i) (എ) ഖണ്ഡത്തിലോ (എഎ) ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള മോട്ടോർ വാഹനങ്ങളോ, യാനങ്ങളോ, വിമാനമോ, അതിൽ വ്യക്തമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നിടത്ത്;

(ii) (I) അങ്ങനെയുള്ള മോട്ടോർ വാഹനങ്ങളോ യാനങ്ങളോ അല്ലെങ്കിൽ വിമാനമോ നിർമ്മിക്കുന്നതിലോ; അല്ലെങ്കിൽ

(II) അയാൾ ഇൻഷ്വർ ചെയ്ത അങ്ങനെയുള്ള മോട്ടോർ വാഹനങ്ങളോ, യാനങ്ങളോ അല്ലെങ്കിൽ വിമാനമോ സംബന്ധിച്ചുള്ള പൊതു ഇൻഷ്വറൻസ്-സേവനങ്ങൾ വിതരണം ചെയ്യുന്നതിലോ;

ഏർപ്പെട്ടിരിക്കുന്ന നികുതി വിധേയനായ ഒരാൾക്ക് ലഭിക്കുന്നിടത്തും,

ലഭ്യമാകുന്നതാണ്;

(ബി) താഴെപ്പറയുന്ന ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ അവ രണ്ടിന്റെയുമോ വിതരണം,—

(i) ഭക്ഷണപാനീയങ്ങൾ, ഔട്ട് ഡോർ കാറ്ററിംഗ്, സൗന്ദര്യ ചികിത്സ, ആരോഗ്യസേവനങ്ങൾ, കോസ്മെറ്റിക്, പ്ലാസ്റ്റിക് സർജറി, (എ) ഖണ്ഡത്തിലോ (എഎ) ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള മോട്ടോർ വാഹനങ്ങളോ, യാനങ്ങളോ അല്ലെങ്കിൽ വിമാനമോ, അതിൽ വ്യക്തമാക്കിയിട്ടുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നിടത്തൊഴികെ, പാട്ടത്തിനോ, വാടകയ്ക്കോ അല്ലെങ്കിൽ കൂലിക്കോ നൽകുമ്പോൾ, ലൈഫ് ഇൻഷ്വറൻസും ആരോഗ്യ ഇൻഷ്വറൻസും;

എന്നാൽ, അങ്ങനെയുള്ള ചരക്കുകളെയോ സേവനങ്ങളെയോ അല്ലെങ്കിൽ രണ്ടിനെയുമോ സംബന്ധിച്ച നിക്ഷേപ വിഭവ നികുതിയിളവ്, രജിസ്റ്റർ ചെയ്ത ആൾ, അങ്ങനെയുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ 'ഇൻവേർഡ് സപ്ലൈ' അതേ വിഭാഗത്തിലുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ നികുതി വിധേയമായ ഔട്ട് വേർഡ് സപ്ലൈ നടത്തുന്നതിനോ, നികുതി വിധേയമായ ഒരു സമ്മിശ്ര വിതരണത്തിന്റെയോ ഒരു സംയുക്ത വിതരണത്തിന്റെയോ ഒരു ഘടകമായോ ഉപയോഗിക്കുമ്പോൾ ലഭ്യമാകുന്നതാണ്;

(ii) ഒരു ക്ലബ്ബ്, ആരോഗ്യ-ഫിറ്റ്നസ് കേന്ദ്രം എന്നിവയിലുള്ള അംഗത്വം; കൂടാതെ

(iii) അവധിക്കാലത്ത് തൊഴിലാളികൾക്ക് നൽകുന്ന ലീവ് ട്രാവൽ കൺസെഷൻ അല്ലെങ്കിൽ ഹോം ട്രാവൽ കൺസെഷൻ എന്നിവ പോലുള്ള യാത്ര ആനുകൂല്യങ്ങൾ:

എന്നാൽ, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ഒരു തൊഴിലുടമ ആയത് തൊഴിലാളികൾക്ക് നൽകണമെന്ന ബാദ്ധ്യതയുള്ളിടത്ത്, അങ്ങനെയുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിനെയുമോ സംബന്ധിച്ച്, നിക്ഷേപ വിഭവ നികുതിയിളവ്,

ലഭ്യമാകുന്നതാണ്.".

10. <u>20-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിന്റെ 20-ാം വകുപ്പിൽ, (സി) ഖണ്ഡത്തിലെ, വിശദീകരണത്തിൽ, "84-ാം ഉൾക്കുറിപ്പ് പ്രകാരമോ," എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "84, 92എ എന്നീ ഉൾക്കുറിപ്പുകൾ പ്രകാരമോ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

11. <u>22-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിലെ, ക്ലിപ്തനിബന്ധനയ്ക്ക് ശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

എന്നുമാത്രമല്ല, സർക്കാരിന് പ്രത്യേക വിഭാഗം സംസ്ഥാനത്തിന്റെ ഒരു അപേക്ഷയിന്മേലും കൗൺസിലിന്റെ ശിപാർശകളിന്മേലും ഒന്നാം ക്ലിപ്തനിബന്ധനയിൽ പരാമർശിച്ചിട്ടുള്ള മൊത്തം വിറ്റുവരവ്, പത്ത് ലക്ഷം രൂപയിൽ നിന്നും ഇരുപത്തിയഞ്ച് ലക്ഷം രൂപയിൽ അധികരിക്കാത്ത ഒരു തുകയായും, വിജ്ഞാപനം ചെയ്തേക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും പരിമിതികൾക്കും വിധേയമായും വർദ്ധിപ്പിക്കാവുന്നതുമാണ്.";

(ബി) വിശദീകരണത്തിൽ, (iii)-ാം ഖണ്ഡത്തിൽ, 'പദപ്രയോഗം' എന്ന വാക്കിന് ശേഷം, "ജമ്മുകാശ്മീർ സംസ്ഥാനവും, അരുണാചൽ പ്രദേശ്, ആസ്സാം, ഹിമാചൽ പ്രദേശ്, മേഘാലയ, സിക്കിം, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളും ഒഴികെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

12. <u>24-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 24-ാം വകുപ്പിൽ, (x)-ാം ഖണ്ഡത്തിൽ, "ഓരോ ഇലക്ട്രോണിക് കോമേഴ്സ് ഓപ്പറേറ്ററും" എന്ന വാക്കുകൾക്ക് മുൻപ് "52-ാം വകുപ്പ് പ്രകാരം സ്രോതസ്സിൽ നികുതി പിരിച്ചെടുക്കുന്നതിന് ബാദ്ധ്യസ്ഥനായ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

13. <u>25-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 25-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിലെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷവും വിശദീകരണത്തിനുമുമ്പായും താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ 2005-ലെ പ്രത്യേക സാമ്പത്തിക മേഖല ആക്റ്റിൽ (2005-ലെ 28-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ച പ്രകാരമുള്ള ഒരു യൂണിറ്റ് ഉണ്ടായിരിക്കുകയോ, ഒരു സ്പെഷ്യൽ എക്കണോമിക് ഡവലപ്പർ ആയിരിക്കുകയോ ചെയ്യുന്ന ഒരു ആൾ, അതേ സംസ്ഥാനത്തുള്ള, ഒരു പ്രത്യേക സാമ്പത്തിക മേഖലക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന ഒരു വ്യാപാരസ്ഥലത്ത് നിന്നും വ്യത്യസ്തമായി, ഒരു പ്രത്യേക രജിസ്ട്രേഷനു വേണ്ടി അപേക്ഷിക്കേണ്ടതാണ്.";

(ബി) (2)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനയ്ക്ക് പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സംസ്ഥാനത്ത് വിവിധ വ്യാപാരസ്ഥലങ്ങൾ ഉള്ള ഒരാൾക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി, അപ്രകാരമുള്ള ഓരോ വ്യാപാര സ്ഥലത്തിനും വേണ്ടി ഒരു പ്രത്യേക രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്.".

14. <u>29-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 29-ാം വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിലെ "റദ്ദാക്കൽ" എന്ന വാക്കിനുപകരം "റദ്ദാക്കലും അല്ലെങ്കിൽ സസ്പെൻഡ് ചെയ്യലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ, (സി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ രജിസ്റ്റർ ചെയ്ത ഒരു ആൾ രജിസ്ട്രേഷൻ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള നടപടികൾ നിലവിലിരിക്കുമ്പോൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേക്കും അപ്രകാരമുള്ള രീതിയിലും രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യാവുന്നതാണ്.".

(സി) (2)-ാം ഉപവകുപ്പിലെ, ക്ലിപ്തനിബന്ധനയ്ക്ക് ശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല രജിസ്ട്രേഷൻ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള നടപടികൾ നിലവിലിരിക്കുമ്പോൾ, ഉചിതമായ ഉദ്യോഗസ്ഥന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേക്കും അപ്രകാരമുള്ള രീതിയിലും രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യാവുന്നതാണ്.".

15. <u>34-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 34-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "ടാക്സ് ഇൻവോയിസ് നൽകുകയും" എന്ന വാക്കുകൾക്ക് പകരം "ഒന്നോ അതിലധികമോ ടാക്സ് ഇൻവോയിസുകൾ നൽകുകയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "ഒരു ക്രെഡിറ്റ് നോട്ട്" എന്ന വാക്കുകൾക്ക് പകരം "ഒരു സാമ്പത്തിക വർഷം നടത്തിയ വിതരണങ്ങൾക്കുള്ള ഒന്നോ അതിലധികമോ ക്രെഡിറ്റ് നോട്ടുകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിൽ,—

(i) "ഒരു ടാക്സ് ഇൻവോയിസ് നൽകുകയും" എന്ന വാക്കുകൾക്ക് പകരം "ഒന്നോ അതിലധികമോ ടാക്സ് ഇൻവോയിസുകൾ നൽകുകയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "ഒരു ഡെബിറ്റ് നോട്ട്" എന്ന വാക്കുകൾക്ക് പകരം "ഒരു സാമ്പത്തികവർഷം നടത്തിയ വിതരണങ്ങൾക്കുള്ള, ഒന്നോ അതിലധികമോ ഡെബിറ്റ് നോട്ടുകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

16. <u>35-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 35-ാം വകുപ്പിൽ, (5)-ാം ഉപവകുപ്പിൽ, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ, തദ്ദേശാധികാരസ്ഥാനങ്ങളുടെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നതിനു വേണ്ടി നിയമിക്കപ്പെട്ട ഒരു ആഡിറ്റർ അക്കൗണ്ടുബുക്കുകൾ ആഡിറ്റിന് വിധേയമാക്കുന്ന, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും വകുപ്പിനോ ഒരു തദ്ദേശാധികാരസ്ഥാനത്തിനോ ബാധകമാകുന്നതല്ല.".

17. <u>39-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 39-ാം വകുപ്പിൽ,

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും" എന്ന വാക്കുകൾക്ക് പകരം "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "ഓരോ കലണ്ടർ മാസത്തിനും അതിന്റെ ഭാഗത്തിനും തുടർന്നു വരുന്ന മാസത്തെ ഇരുപതാം തീയതിക്കുമുമ്പായി" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(iii) താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ സർക്കാരിന്, കൗൺസിലിന്റെ ശിപാർശകളിന്മേൽ, ഓരോ ത്രൈമാസത്തിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും, റിട്ടേൺ സമർപ്പിക്കേണ്ടതായ രജിസ്റ്റർ ചെയ്ത ആളുകളുടെ വിഭാഗങ്ങളെ വിജ്ഞാപനം ചെയ്യാവുന്നതും, ഏതൊക്കെ നിബന്ധനകൾക്കും പരിരക്ഷകൾക്കും വിധേയമായാണ്, ആയത് സമർപ്പിക്കേണ്ടത് എന്ന് അതിൽ വ്യക്തമാക്കാവുന്നതുമാണ്.

(ബി) (7)-ാം ഉപവകുപ്പിൽ, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ സർക്കാരിന്, കൗൺസിലിന്റെ ശിപാർശകളിന്മേൽ, റിട്ടേൺ പ്രകാരമുള്ള നികുതിയോ അതിന്റെ ഭാഗമോ, അപ്രകാരമുള്ള റിട്ടേൺ നൽകേണ്ടതായ അവസാന തീയതിയിലോ അതിനു മുൻപോ, വിജ്ഞാപനത്തിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും പരിരക്ഷകൾക്കും വിധേയമായി, നൽകേണ്ടതായ രജിസ്റ്റർ ചെയ്ത ആളുകളുടെ വിഭാഗങ്ങളെ വിജ്ഞാപനം ചെയ്യാവുന്നതാണ്.";

(സി) (9)-ാം ഉപവകുപ്പിൽ,—

(i) "അങ്ങനെയുള്ള വീഴ്ചയോ തെറ്റായ വിവരങ്ങളോ ശ്രദ്ധയിൽപ്പെട്ട കാലയളവിലെ മാസത്തേക്ക് അല്ലെങ്കിൽ മാസത്രയത്തിലേക്ക് സമർപ്പിക്കേണ്ടതായ റിട്ടേണിൽ" എന്ന വാക്കുകൾക്ക് പകരം "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) ക്ലിപ്തനിബന്ധനയിൽ, "സാമ്പത്തിക വാർഷാവസാനത്തിനുശേഷം" എന്ന വാക്കുകൾക്ക് പകരം "അപ്രകാരമുള്ള വിശദാംശങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തിക വർഷാവസാനത്തിനുശേഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

18. <u>43എ എന്ന പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 43-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"43എ. <u>റിട്ടേൺ സമർപ്പിക്കേണ്ട നടപടി ക്രമവും നിക്ഷേപ വിഭവ നികുതിയിളവ് ലഭ്യമാക്കലും.</u>—(1) 16-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലോ, 37-ാം വകുപ്പിലോ 38-ാം വകുപ്പിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, രജിസ്റ്റർ ചെയ്ത ഓരോ ആളും, 39-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൻ കീഴിൽ സമർപ്പിക്കുന്ന റിട്ടേണുകളിൽ, വിതരണക്കാർ നൽകുന്ന വിതരണങ്ങളുടെ വിശദാംശങ്ങൾ, പരിശോധിക്കുകയോ, സാധൂകരിക്കുകയോ പരിഷ്കരിക്കുകയോ അല്ലെങ്കിൽ ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്.

(2) 41-ാം വകുപ്പിലോ, 42-ാം വകുപ്പിലോ അല്ലെങ്കിൽ 43-ാം വകുപ്പിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, സ്വീകർത്താവിന് നിക്ഷേപ വിഭവ നികുതിയിളവ് ലഭിക്കുന്നതിനുള്ള നടപടിക്രമവും, അതിന്റെ പരിശോധനയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) സ്വീകർത്താവിന് നിക്ഷേപവിഭവ നികുതിയിളവ് ലഭിക്കുന്നതിനുള്ള ആവശ്യങ്ങളിലേക്കായി, കോമൺപോർട്ടലിലെ വിതരണക്കാരൻ, ഔട്ട്‌വേർഡ് സപ്ലൈകളുടെ വിശദാംശങ്ങൾ നൽകുന്നതിനുള്ള നടപടിക്രമം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടില്ലാത്ത ഔട്ട്‌വേർഡ് സപ്ലൈകളെ സംബന്ധിച്ച്, നിക്ഷേപ വിഭവ നികുതിയിളവ് ലഭിക്കുന്നതിനുള്ള നടപടിക്രമം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതും, അങ്ങനെയുള്ള നടപടി ക്രമത്തിൽ അപ്രകാരം ലഭിക്കാവുന്ന നിക്ഷേപവിഭവ നികുതിയിളവിന്റെ പരമാവധി തുക, പ്രസ്തുത ഉപവകുപ്പ് പ്രകാരം വിതരണക്കാർ നൽകിയിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച നിക്ഷേപവിഭവ നികുതിയിളവിന്റെ ഇരുപത് ശതമാനത്തിൽ അധികരിക്കാത്ത തുക ഉൾപ്പെടുന്നതുമാകുന്നു.

(5) (3)-ാം ഉപവകുപ്പ് പ്രകാരം വിതരണക്കാരൻ വിശദാംശങ്ങൾ നൽകിയിട്ടുള്ള "ഔട്ട്‌വേർഡ് സപ്ലൈകളിൽ", വ്യക്തമാക്കിയിട്ടുള്ള നികുതി തുക, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിൽ അയാൾ നൽകേണ്ടതായ നികുതിയായി കരുതപ്പെടുന്നതാണ്.

(6) ഒരു വിതരണത്തിലെ, വിതരണക്കാരനും സ്വീകർത്താവും, (3)-ാം ഉപവകുപ്പോ (4)-ാം ഉപവകുപ്പോ പ്രകാരം വിശദാംശങ്ങൾ നൽകിയിട്ടുള്ളതും എന്നാൽ അതിന്റെ റിട്ടേൺ ഫയൽ ചെയ്യാത്തതുമായ ഔട്ട്‌വേർഡ് സപ്ലൈയുമായി ബന്ധപ്പെട്ട് ലഭിച്ച, അതത് സംഗതി പോലെ, നികുതിയോ നിക്ഷേപവിഭവ നികുതിയിളവോ നൽകുവാൻ, കൂട്ടായും വെവ്വേറെയും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(7) (6)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഈടാക്കലുകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ നടത്തേണ്ടതും, അപ്രകാരമുള്ള നടപടിക്രമങ്ങളിൽ, തെറ്റായി ലഭിച്ച, ആയിരം രൂപയിൽ അധികരിക്കാത്ത നികുതി തുകയോ നിക്ഷേപവിഭവ നികുതിയിളവോ ഈടാക്കേണ്ടതില്ല എന്ന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

(8) (i) രജിസ്ട്രേഷൻ നേടി ആറ് മാസത്തിനകം;

(ii) നികുതി നൽകുന്നതിൽ വീഴ്ചവരുത്തുകയും, അപ്രകാരം വീഴ്ച വരുത്തിയ തുക നൽകേണ്ട തീയതി മുതൽ രണ്ടു മാസത്തിലധികം അപ്രകാരമുള്ള വീഴ്ച വരുത്തൽ തുടരുകയും ചെയ്യുന്ന,

ഒരു രജിസ്റ്റർ ചെയ്ത ആൾക്ക്, (3)-ാം ഉപവകുപ്പുപ്രകാരം വിശദാംശങ്ങൾ നൽകാൻ കഴിയുന്ന ഔട്ട് വേർഡ് സപ്ലൈയുമായി ബന്ധപ്പെട്ടുള്ള നടപടിക്രമവും പരിരക്ഷയും, നികുതി തുകയുടെ പരിധിയും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

19. <u>48-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 48-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ, "സമർപ്പിക്കുന്നതിന്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "സമർപ്പിക്കുന്നതിനും അപ്രകാരമുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

20. <u>49-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ, "41-ാം വകുപ്പിന്" എന്ന വാക്കിനും അക്കങ്ങൾക്കും പകരം "41-ാം വകുപ്പിനോ 43എ വകുപ്പിനോ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

(ബി) (5)-ാം ഉപവകുപ്പിൽ,—

(i) (സി) ഖണ്ഡത്തിൽ, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ കേന്ദ്ര നികുതിയിന്മേൽ ഉണ്ടാകുന്ന ശേഷിക്കുന്ന നിക്ഷേപവിഭവ നികുതിയിളവ് സംയോജിത നികുതി നൽകുന്നതിന് ലഭ്യമല്ലാത്തിടത്ത് മാത്രം, സംസ്ഥാന നികുതിയിലെ നിക്ഷേപവിഭവ നികുതിയിളവ് സംയോജിത നികുതി നൽകുവാൻ വിനിയോഗിക്കേണ്ടതാണ്;";

(ii) (ഡി) ഖണ്ഡത്തിൽ, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, കേന്ദ്ര നികുതിയിലുള്ള ശേഷിക്കുന്ന നിക്ഷേപ വിഭവ നികുതിയിളവ്, സംയോജിതനികുതി നൽകുവാൻ ലഭ്യമല്ലാത്തിടത്ത് മാത്രം, കേന്ദ്ര ഭരണ പ്രദേശത്തിന്മേലുള്ള നിക്ഷേപവിഭവ നികുതിയിളവ്, സംയോജിത നികുതി നൽകുവാൻ വിനിയോഗിക്കേണ്ടതാണ്;".

21. <u>49എ, 49ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"49എ. <u>ചില നിബന്ധനകൾക്ക് വിധേയമായി നിക്ഷേപവിഭവ നികുതിയിളവിന്റെ വിനിയോഗം.</u>—49-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംയോജിത നികുതിയിലുള്ള നിക്ഷേപവിഭവ നികുതിയിളവ്, ആദ്യം പൂർണ്ണമായും, അതതു സംഗതി പോലെ, സംയോജിത നികുതിയോ സംസ്ഥാന നികുതിയോ നൽകുന്നതിന് വിനിയോഗിച്ചതിനു ശേഷം മാത്രം, സംസ്ഥാന നികുതിയിലുള്ള നിക്ഷേപവിഭവ നികുതിയിളവ് അപ്രകാരമുള്ള നികുതികൾ നൽകുന്നതിന് വിനിയോഗിക്കേണ്ടതാണ്.

49ബി. <u>നിക്ഷേപവിഭവ നികുതിയിളവിന്റെ വിനിയോഗക്രമം.</u>—ഈ അദ്ധ്യായത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 49-ാം വകുപ്പ് (5)-ാം ഉപവകുപ്പിലെ, (ഇ) ഖണ്ഡത്തിലെയും (എഫ്) ഖണ്ഡത്തിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിന്, കൗൺസിലിന്റെ ശുപാർശകളിന്മേൽ അതതു സംഗതിപോലെ, സംയോജിത നികുതിയിലോ, കേന്ദ്ര നികുതിയിലോ, സംസ്ഥാന നികുതിയിലോ ഉണ്ടാകുന്ന നിക്ഷേപവിഭവ നികുതിയിളവ്, അപ്രകാരമുള്ള ഏതെങ്കിലും നികുതിയിലേക്ക് നൽകുന്നതിന്റെ ക്രമവും രീതിയും നിർണ്ണയിക്കാവുന്നതാണ്.".

22. <u>52-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 52-ാം വകുപ്പ്, (9)-ാം ഉപവകുപ്പിൽ, "37-ാം വകുപ്പിൽ" എന്ന വാക്കിനും അക്കങ്ങൾക്കും പകരം "37-ാം വകുപ്പിനോ അല്ലെങ്കിൽ 39-ാം വകുപ്പിനോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

23. <u>54-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 54-ാം വകുപ്പിൽ,—

(എ) (8)-ാം ഉപവകുപ്പിൽ, (എ) ഖണ്ഡത്തിൽ, "പൂജ്യം നിരക്കിലെ വിതരണത്തിന്" എന്ന വാക്കുകൾക്ക് പകരം "കയറ്റുമതിയ്ക്കും കയറ്റുമതികൾക്കും" എന്ന വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്;

(ബി) വിശദീകരണത്തിൽ, (2)-ാം ഖണ്ഡത്തിൽ,—

(i) (സി) ഉപഖണ്ഡത്തിൽ, (i) ഇനത്തിൽ, "വിദേശ വിനിമയം" എന്ന വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ ഭാരതീയ റിസർവ്വ് ബാങ്ക് അനുവദിക്കുന്നിടത്തെല്ലാം, ഇന്ത്യൻ രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ഇ) ഉപഖണ്ഡത്തിനുപകരം, താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) (3)-ാം ഉപവകുപ്പിലെ ആദ്യ ക്ലിപ്തനിബന്ധനയുടെ (ii)-ാം ഖണ്ഡം പ്രകാരം, വിനിയോഗിക്കാത്ത നിക്ഷേപവിഭവ നികുതി റീഫണ്ട് ചെയ്യുന്ന സംഗതിയിൽ, അപ്രകാരം റീഫണ്ടിനുള്ള അവകാശവാദം ഉണ്ടാകുന്ന കാലയളവിലേക്ക്, 39-ാം വകുപ്പു പ്രകാരം റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി.

24. <u>79-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 79-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്;—

"<u>വിശദീകരണം</u>.—ഈ വകുപ്പിന്റെ ആവശ്യങ്ങളിലേക്കായി, ആൾ എന്ന പദത്തിൽ, 25-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ അല്ലെങ്കിൽ അതതു സംഗതിപോലെ (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള "വ്യത്യസ്തമായ ആൾ" ഉൾപ്പെടുന്നതാകുന്നു.

25. <u>107-ാം വകുപ്പിന്റെ ഭേദഗതി</u>—പ്രധാന ആക്റ്റിലെ 107-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിൽ, (ബി) ഖണ്ഡത്തിൽ "അപ്പീൽ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട" എന്ന വാക്കുകൾക്ക് മുൻപ് "പരമാവധി ഇരുപത്തിയഞ്ച് കോടി രൂപയ്ക്ക് വിധേയമായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

26. 112-ാം വകുപ്പിന്റെ ഭേദഗതി—പ്രധാന ആക്റ്റിലെ 112-ാം വകുപ്പിൽ, (8)-ാം ഉപവകുപ്പിൽ, (ബി) ഖണ്ഡത്തിൽ "അപ്പീൽ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള" എന്ന വാക്കുകൾക്ക് മുൻപ് "പരമാവധി അൻപത് കോടി രൂപയ്ക്ക് വിധേയമായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

27. 129-ാം വകുപ്പിന്റെ ഭേദഗതി—പ്രധാന ആക്റ്റിലെ 129-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിൽ, "ഏഴു ദിവസങ്ങൾക്കകം" എന്ന വാക്കുകൾക്ക് പകരം "പതിനാല് ദിവസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

28. 143-ാം വകുപ്പിന്റെ ഭേദഗതി—പ്രധാന ആക്റ്റിലെ 143-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, (ബി) ഖണ്ഡത്തിലെ ക്ലിപ്തനിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല മതിയായ കാരണം കാണിക്കുന്നതിന്മേൽ കമ്മീഷണർക്ക്, ഒരു വർഷവും മൂന്ന് വർഷവും എന്ന കാലയളവ്, യഥാക്രമം ഒരു വർഷത്തിലും രണ്ടു വർഷത്തിലും അധികരിക്കാതെയുള്ള ഒരു കാലയളവിലേക്ക് ദീർഘിപ്പിച്ച് നൽകാവുന്നതാണ്.".

29. പ്രധാന ആക്റ്റിന്റെ I-ാം പട്ടികയിൽ, ഖണ്ഡിക 4-ൽ "നികുതി വിധേയനായ ഒരു ആൾ" എന്ന വാക്കുകൾക്ക് പകരം "ആൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

30. പ്രധാന ആക്റ്റിന്റെ II-ാം പട്ടികയിൽ, ശീർഷകത്തിൽ "പ്രവർത്തനങ്ങൾ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ ഇടപാടുകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതും ഇത് 2017 ജൂലൈ 1-ാം തീയതി മുതൽ പ്രാബല്യത്തോടെ എല്ലായ്പ്പോഴും ചേർക്കപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

31. പ്രധാന ആക്റ്റിന്റെ III-ാം പട്ടികയിൽ,—

(i) 6-ാം ഖണ്ഡികയ്ക്കു ശേഷം, താഴെപ്പറയുന്ന ഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:—

"7. ഇന്ത്യക്ക് പുറത്തുനിന്നുള്ള ഒരു സ്ഥലത്തുനിന്നും, ഇന്ത്യയിൽ പ്രവേശിക്കാതെ, ഇന്ത്യക്ക് പുറത്തുള്ള മറ്റൊരു സ്ഥലത്തേയ്ക്കുള്ള അപ്രകാരമുള്ള ചരക്കുകളുടെ വിതരണം.

8. (എ) ആഭ്യന്തരഉപഭോഗത്തിനുള്ള ക്ലിയറൻസിന് മുമ്പ് ഏതെങ്കിലും ആൾക്ക് നടത്തുന്ന വെയർ ഹൗസ്ഡ് ചരക്കുകളുടെ വിതരണം;

(ബി) ചരക്കുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ എൻഡോഴ്സ് ചെയ്തുകൊണ്ട്, ഇന്ത്യയുടെ പുറത്ത് സ്ഥിതി ചെയ്യുന്ന ഒരു തുറമുഖത്തുനിന്നും ചരക്കുകൾ കയറ്റി അയച്ചതിനുശേഷവും എന്നാൽ ആഭ്യന്തര ഉപഭോഗത്തിനുള്ള ക്ലിയറൻസ് ലഭിക്കുന്നതിന് മുൻപായും, കൺസൈനി മറ്റ് ഏതെങ്കിലും ആൾക്ക് നടത്തുന്ന ചരക്കുകളുടെ വിതരണം.";

(ii) വിശദീകരണം, വിശദീകരണം 1 ആയി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട വിശദീകരണം 1-നുശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതുമാണ്, അതായത്:—

"വിശദീകരണം 2.—8-ാം ഖണ്ഡികയുടെ ആവശ്യങ്ങളിലേയ്ക്കായി, "വെയർ ഹൗസ്ഡ് ചരക്കുകൾ" എന്ന പദപ്രയോഗത്തിനു 1962-ലെ കസ്റ്റംസ് ആക്റ്റിൽ (1962-ലെ 52-ാം കേന്ദ്ര ആക്റ്റ്) അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

32. റദ്ദാക്കലും ഒഴിവാക്കലും.—2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ഓർഡിനൻസ് (2018- ലെ 52) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർക്കാരിന്, ചരക്കുകളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ അന്തർ-സംസ്ഥാന വിതരണത്തിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ഒരു വ്യവസ്ഥ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റ് (2017-ലെ 20) എന്ന നിയമമുണ്ടാക്കിയത്.

2. നിലവിലുള്ള നികുതിദായകരെ ഒരു പുതിയ ചരക്ക് സേവന നികുതി സംവിധാനത്തിലേക്ക് പരിവർത്തനപ്പെടുത്തുന്നതിനുള്ള ചില വ്യവസ്ഥകൾ ഈ ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും പുതിയ സംവിധാനത്തിന് ചില ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വന്നു. നികുതിദായകർക്ക് പ്രത്യേകിച്ചും ചെറുതും ഇടത്തരവുമായ സ്ഥാപനങ്ങൾക്ക് ഉണ്ടായ പ്രധാന ബുദ്ധിമുട്ടുകളിൽ ഒന്ന്, ചരക്ക് സേവന നികുതി നിയമങ്ങൾക്ക് കീഴിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമവും നികുതി നൽകലുമായിരുന്നു. ഇത് സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുള്ള പുതിയ റിട്ടേൺ സമർപ്പിക്കുന്നതിനുള്ള സംവിധാനം, ഏറ്റവും കുറഞ്ഞ പേപ്പർ

വർക്കോടെ, ചെറുകിട നികുതിദായകർക്ക്, ത്രൈമാസ റിട്ടേൺ ഫയൽ ചെയ്യുന്നതിനും നികുതി നൽകുന്നതിനും വിഭാവനം ചെയ്യുന്നു. റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള പുതിയ സംവിധാനം നടപ്പിലാക്കുന്നതിനായി, 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റ് (2017-ലെ 20) ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

3. 2018-ലെ നിർദ്ദിഷ്ട കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ, മറ്റുള്ളവയ്ക്കൊപ്പം, താഴെപ്പറയുന്നവ വ്യവസ്ഥ ചെയ്യുന്നു, അതായത്:—

(i) വിതരണത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നതിനായി ആക്ടിന്റെ 7-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന്;

(ii) രജിസ്റ്റർ ചെയ്യാത്ത വിതരണക്കാരിൽ നിന്നും, ഒരു പ്രത്യേക വിഭാഗത്തിലുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണം സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ റിവേഴ്സ് ചാർജ്ജ് അടിസ്ഥാനത്തിൽ നികുതി നൽകേണ്ട, രജിസ്റ്റർ ചെയ്ത ആളുകളുടെ വിഭാഗങ്ങളെ വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ 9-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന്;

(iii) കോമ്പോസിഷൻ ലെവിയുടെ പരിധി, ഒരു കോടി രൂപയിൽ നിന്നും ഒരു കോടി അൻപത് ലക്ഷം രൂപയായി ഉയർത്തുവാൻ വേണ്ടി, ആക്റ്റിന്റെ 10-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന്;

(iv) നിക്ഷേപവിഭവ നികുതിയിളവിന്റെ വ്യാപ്തി വ്യക്തമാക്കുന്നതിനു വേണ്ടി ആക്റ്റിന്റെ 17-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന്;

(v) പ്രത്യേക വിഭാഗം സംസ്ഥാനങ്ങളിലെ രജിസ്ട്രേഷൻ ഒഴിവാക്കലിന്റെ പരിധി പത്ത് ലക്ഷം രൂപയിൽ നിന്നും ഇരുപത് ലക്ഷം രൂപയായി ഉയർത്തുവാൻ ആക്റ്റിന്റെ 22-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന്;

(vi) നികുതിദായകർക്ക്, സംസ്ഥാനത്തിനകത്ത് സ്ഥിതി ചെയ്യുന്ന വിവിധ വ്യാപാര സ്ഥലങ്ങൾക്ക് വിവിധ രജിസ്ട്രേഷനുകൾ എടുക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും, പ്രത്യേക സാമ്പത്തിക മേഖല യൂണിറ്റിനോ ഡെവലപ്പർക്കോ പ്രത്യേക രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനും വേണ്ടി ആക്റ്റിന്റെ 25-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന്;

(vii) രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരവെ, രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള ഒരു വ്യവസ്ഥ ചേർക്കുന്നതിനായി ആക്റ്റിന്റെ 29-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന്;

(viii) റിട്ടേൺ ഫയൽ ചെയ്യുന്നതിനും നിക്ഷേപവിഭവേ നികുതിയിളവ് ലഭ്യമാക്കുവാനും ഒരു പുതിയ സംവിധാനം വ്യവസ്ഥ ചെയ്യുവാൻ 43എ എന്ന ഒരു പുതിയ വകുപ്പ് ചേർക്കുന്നതിനും;

(ix) അപ്പീൽ ഫയൽ ചെയ്യുന്നതിന് മുൻപായി അടക്കേണ്ട തുക, ഇരുപത്തിയഞ്ച് കോടി രൂപയായി നിജപ്പെടുത്തുന്നത് വ്യവസ്ഥ ചെയ്യുന്നതിനായി അപ്പീലുകളുമായി ബന്ധപ്പെട്ട ആക്റ്റിലെ, 107-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുന്നതിന്;

(x) കൊണ്ടുപോകുന്ന ചരക്കുകളുടെയും വാഹനങ്ങളുടെയും തടഞ്ഞു വയ്ക്കലിന്റെയോ പിടിച്ചെടുക്കലിന്റെയോ കാലയളവ് ഏഴു ദിവസത്തിൽ നിന്നും പതിനാല് ദിവസമാക്കി വർദ്ധിപ്പിക്കുവാൻ, ആക്റ്റിന്റെ 129-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന്.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ഓർഡിനൻസ് (2018-ലെ 52) 2018 ഒക്ടോബർ 15-ാം തീയതി ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഒക്ടോബർ 15-ാം തീയതിയിലെ 2568-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2018-ലെ 52-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന, 9-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഒരു വിതരണക്കാരനിൽ നിന്നും സ്വീകരിച്ചിട്ടുള്ള പ്രത്യേക വിഭാഗങ്ങളിലെ ചരക്കുകളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ വിതരണം സംബന്ധിച്ച് റിവേഴ്സ് ചാർജ്ജ് അടിസ്ഥാനത്തിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു വിഭാഗം ആളുകളെ വ്യക്തമാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 11-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 22-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ രണ്ടാം ക്ലിപ്തനിബന്ധന, മൊത്തം വിറ്റുവരവ്, പത്ത് ലക്ഷം രൂപയിൽ നിന്നും ഇരുപത്തിയഞ്ച് ലക്ഷം രൂപയിൽ അധികരിക്കാത്ത ഒരു തുകയായി വർദ്ധിപ്പിക്കുന്നതിനുള്ള നിബന്ധനകളും പരിമിതികളും വിജ്ഞാപനം ചെയ്യാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 13-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 25-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന, വിവിധ വ്യാപാര സ്ഥലങ്ങൾ ഉള്ള ഒരാൾക്ക് പ്രത്യേക രജിസ്ട്രേഷനുകൾ ലഭ്യമാക്കുവാനുള്ള നിബന്ധനകൾ നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 14-ാം ഖണ്ഡം (ബി) ഇനപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 29-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധന, രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കവെ, രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള കാലയളവും രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിലെ (സി) ഇനപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 29-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിന്റെ രണ്ടാം ക്ലിപ്തനിബന്ധന, ഉചിതമായ ഉദ്യോഗസ്ഥന്, രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള കാലയളവും രീതിയും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 17-ാം ഖണ്ഡത്തിലെ (എ) ഇനത്തിന്റെ (iii)-ാം ഉപഇനപ്രകാരം, പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 39-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന വ്യക്തമാക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും പരിരക്ഷകൾക്കും വിധേയമായി, ഓരോ ത്രൈമാസത്തിലും റിട്ടേൺ സമർപ്പിക്കേണ്ട രജിസ്റ്റർ ചെയ്ത ആളുകളുടെ വിഭാഗങ്ങളെ വിജ്ഞാപനം ചെയ്യുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിലെ (ബി) ഇനപ്രകാരം പ്രസ്തുത ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (7)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന, റിട്ടേൺ പ്രകാരം സർക്കാരിന് നൽകാനുള്ള നികുതിയോ അതിന്റെ ഭാഗമോ അപ്രകാരമുള്ള റിട്ടേൺ നൽകേണ്ടതായ അവസാന

തീയതിക്കോ അതിനു മുൻപോ നൽകേണ്ടതായ ചില വിഭാഗം രജിസ്റ്റർ ചെയ്ത ആളുകളെ വിജ്ഞാപനം ചെയ്യുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിലെ (സി) ഇനത്തിന്റെ (i)-ാം ഉപഇനപ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (9)-ാം ഉപവകുപ്പ്, വീഴ്ചയോ തെറ്റായ വിവരങ്ങളോ തിരുത്തുന്നതിനുള്ള ഫാറവും രീതിയും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 18-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 43എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, സ്വീകർത്താവിന് നിക്ഷേപവിഭവ നികുതിയിളവ് ലഭിക്കുന്നതിനും അതിന്റെ പരിശോധനയ്ക്കുള്ള നടപടിക്രമവും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡ പ്രകാരം പ്രസ്തുത ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (3)-ാം ഉപവകുപ്പ്, സ്വീകർത്താവിന് നിക്ഷേപ നികുതിയിളവ് ലഭിക്കുന്നതിനുള്ള ആവശ്യങ്ങളിലേക്കായി, കോമൺപോർട്ടലിലെ വിതരണക്കാരൻ, ഔട്ട്‌വേർഡ് സപ്ലൈകളുടെ വിശദവിവരങ്ങൾ നൽകുന്നതിനുള്ള നടപടിക്രമം, നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡ പ്രകാരം പ്രസ്തുത ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, (3)-ാം ഉപവകുപ്പ്, നൽകിയിട്ടില്ലാത്ത "ഔട്ട്‌വേർഡ് സപ്ലൈകളെ" സംബന്ധിച്ച് നിക്ഷേപ വിഭവ നികുതിയിളവ് ലഭിക്കുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡ പ്രകാരം പ്രസ്തുത ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (7)-ാം ഉപവകുപ്പ്, ഈടാക്കലുകൾ നടത്തേണ്ട രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡ പ്രകാരം പ്രസ്തുത ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (8)-ാം ഉപവകുപ്പിന്റെ (ii)-ാം ഇനം, നികുതി നൽകുന്നതിൽ വീഴ്ചവരുത്തിയ ഒരു രജിസ്റ്റർ ചെയ്ത ആൾക്ക് "ഔട്ട് വേർഡ് സപ്ലൈയുമായി" ബന്ധപ്പെട്ടിട്ടുള്ള നടപടിക്രമവും പരിരക്ഷയും, നികുതി തുകയുടെ പരിധിയും, നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 21-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 49ബി വകുപ്പ്, അതതു സംഗതിപോലെ, സംയോജിത നികുതി, കേന്ദ്ര നികുതി അല്ലെങ്കിൽ സംസ്ഥാന നികുതി എന്നിവയിലെ നിക്ഷേപവിഭവ നികുതിയിളവ് വിനിയോഗിക്കുന്നതിനുള്ള ക്രമവും രീതിയും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. ടി. എം. തോമസ് ഐസക്

// ശരിത്തർജ്ജമ //

## ഖണ്ഡങ്ങളിൻമേലുള്ള കുറിപ്പുകൾ

ബില്ലിലെ 1-ാം ഖണ്ഡം ചുരുക്കപ്പേരും വ്യാപ്തിയും വ്യവസ്ഥ ചെയ്യുന്നു.

ബില്ലിലെ 2-ാം ഖണ്ഡം, ബില്ലിൽ ഉപയോഗിച്ചിരിക്കുന്ന ചില പദപ്രയോഗങ്ങൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 3-ാം ഖണ്ഡം, വിതരണത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നതിലേക്ക് പ്രധാന ആക്റ്റിലെ "വിതരണത്തിന്റെ വ്യാപ്തി"യുമായി ബന്ധപ്പെട്ട 7-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

ബില്ലിലെ 4-ാം ഖണ്ഡം, കൗൺസിലിന്റെ ശിപാർശയിൻമേൽ വിജ്ഞാപനം ചെയ്യപ്പെട്ട, വിഭാഗത്തിലുള്ള രജിസ്റ്റർ ചെയ്ത ആളുകളുടെ വിഭാഗത്തിന് രജിസ്റ്റർ ചെയ്തിട്ടില്ലാത്ത വിതരണക്കാരിൽ നിന്നും, ലഭിക്കുന്ന, ചില പ്രത്യേക വിഭാഗം ചരക്കുകളിന്മേലും സേവനങ്ങളിന്മേലും അല്ലെങ്കിൽ രണ്ടിന്മേലും, റിവേഴ്സ് ചാർജ്ജ് അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നത് പരിമിതപ്പെടുത്തുന്നതിന് "നികുതി ചുമത്തലും ഈടാക്കലുമായി" ബന്ധപ്പെട്ട പ്രധാന ആക്റ്റിന്റെ 9-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 5-ാം ഖണ്ഡം, കോംമ്പോസിഷൻ പദ്ധതിക്ക് അർഹത ലഭിക്കുന്നതിന്, നികുതിദായകന്റെ നിയമ പ്രകാരമുള്ള വിറ്റുവരവ് പരിധി ഒരു കോടി രൂപയിൽ നിന്നും ഒരു കോടി അൻപത് ലക്ഷമായി ഉയർത്തുന്നതിനും തൊട്ടു മുൻപുള്ള സാമ്പത്തിക വർഷത്തെ വിറ്റുവരവിന്റെ പത്ത് ശതമാനത്തിൽ അധികരിക്കാത്ത ഒരു മൂല്യം വരെയോ അഞ്ച് ലക്ഷം രൂപ വരെയോ, ഏതാണോ കൂടുതൽ അതുവരെ സേവനങ്ങൾ (റസ്റ്റോറന്റ് ഒഴികെ) നൽകുന്നതിന് കോമ്പോസിഷൻ നികുതിദായകരെ അനുവദിക്കുന്നതിനും "കോമ്പോസിഷൻ ലെവി"യുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിന്റെ 10-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 6-ാം ഖണ്ഡം, "ചരക്കുകളുടെ വിതരണത്തിന്റെ സമയവു"മായി ബന്ധപ്പെട്ട പ്രധാന ആക്റ്റിന്റെ 12-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

ബില്ലിലെ 7-ാം ഖണ്ഡം, "സേവനങ്ങളുടെ വിതരണത്തിന്റെ സമയവു"മായി ബന്ധപ്പെട്ട പ്രധാന ആക്റ്റിന്റെ 13-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 8-ാം ഖണ്ഡം, സേവനങ്ങൾ വിതരണം ചെയ്യുന്ന സംഗതിയിൽ, നിക്ഷേപവിഭവ നികുതിയിളവ് നൽകുന്നതിനായി, "നിക്ഷേപവിഭവ നികുതിയിളവ് ലഭിക്കുന്നതിനുള്ള അർഹതയും നിബന്ധനകളു"മായി ബന്ധപ്പെട്ട പ്രധാന ആക്റ്റിന്റെ 16-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. നിക്ഷേപവിഭവ നികുതിയിളവ് ലഭിക്കുന്നതിന് പുതിയ 43എ വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പുതിയ റിട്ടേൺ മാതൃകയുമായ ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തുവാനും കൂടി പ്രസ്തുത ഖണ്ഡം ഉദ്ദേശിക്കുന്നു.

ബില്ലിലെ 9-ാം ഖണ്ഡം നിക്ഷേപവിഭവ നികുതിയിളവ് ലഭ്യമാക്കുന്നതിനുള്ള അർഹതയും വ്യാപ്തിയും വ്യാപിപ്പിക്കുന്നതിന് "ഇളവിന്റെയും തടഞ്ഞുവെയ്ക്കപ്പെട്ട ഇളവുകളുടെയും പങ്കുവെക്കലു"മായി ബന്ധപ്പെട്ട, പ്രധാന ആക്റ്റിലെ 17-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 10-ാം ഖണ്ഡം, ഇളവുകൾ നൽകുന്നതിന്റെ ആവശ്യങ്ങളിലേക്കായി, വിറ്റുവരവിന്റെ മൂല്യത്തിൽ നിന്നും, ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് I-ലെ 92എ ഉൾക്കുറിപ്പിൻ കീഴിൽ ചുമത്തുന്ന നികുതി തുക ഒഴിവാക്കുന്നതിനായി, "നിക്ഷേപ വിഭവ സേവന വിതരണക്കാർ ഇളവ് നൽകുന്ന രീതിയു"മായി ബന്ധപ്പെട്ട, പ്രധാന ആക്റ്റിലെ 20-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 11-ാം ഖണ്ഡം, പ്രത്യേക വിഭാഗം സംസ്ഥാനങ്ങളായ അരുണാചൽ പ്രദേശ്, ആസ്സാം, ഹിമാചൽ പ്രദേശ്, മേഘാലയ, സിക്കിം, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ, വിറ്റുവരവിന്റെ പരിധി, പത്ത് ലക്ഷം രൂപയിൽ നിന്നും ഇരുപത്തിയഞ്ച് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിന്, "രജിസ്റ്റർ ചെയ്യാൻ ബാദ്ധ്യസ്ഥരായ ആളുകൾ" എന്നതുമായി ബന്ധപ്പെട്ട, പ്രധാന ആക്റ്റിലെ 22-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 12-ാം ഖണ്ഡം, പ്രധാന ആക്റ്റിലെ 52-ാം വകുപ്പിൻ കീഴിൽ സ്രോതസ്സിൽ നിന്നും നികുതി പിരിക്കാൻ ബാദ്ധ്യസ്ഥരായ ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ ആയവർക്ക് മാത്രം നിർബന്ധിത രജിസ്ട്രേഷൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള "ചില സംഗതികളിൽ നിർബന്ധിത രജിസ്ട്രേഷൻ" എന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 24-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 13-ാം ഖണ്ഡം, ഒരു സംസ്ഥാനത്ത് വിവിധ വ്യാപാര സ്ഥലങ്ങൾ ഉള്ള ആളുകൾക്ക് അപ്രകാരമുള്ള ഓരോ വ്യാപാരസ്ഥലത്തിനും പ്രത്യേക രജിസ്ട്രേഷൻ എടുക്കുന്നതിനും, ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ യൂണിറ്റുകൾ ഉണ്ടായിരിക്കുകയോ ഒരു പ്രത്യേക സാമ്പത്തിക മേഖല ഡെവലപ്പർ ആയിരിക്കുകയോ ചെയ്യുന്ന ഒരാൾക്ക്, പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന അദ്ദേഹത്തിന്റെ മറ്റു യൂണിറ്റുകളിൽ നിന്നും വ്യത്യസ്തമായി, പ്രത്യേക രജിസ്ട്രേഷൻ നേടുന്നതിനുള്ള വ്യവസ്ഥകൾ ചേർക്കുന്നതിനായി "രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം" എന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 25-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 14-ാം ഖണ്ഡം രജിസ്ട്രേഷൻ റദ്ദാക്കൽ നടപടികൾ നടന്നുകൊണ്ടിരിക്കെ, രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുവാൻ വ്യവസ്ഥ ചെയ്യുന്നതിന്, "രജിസ്ട്രേഷൻ റദ്ദാക്കലു"മായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 29-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 15-ാം ഖണ്ഡം, ഒരു സാമ്പത്തിക വർഷത്തിൽ നൽകിയ വിവിധ ഇൻവോയിസുകളെ സംബന്ധിച്ച് കൺസോളിഡേറ്റഡ് ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ് നോട്ടുകൾ നൽകുവാൻ രജിസ്റ്റർ ചെയ്ത ആളെ അനുവദിക്കുന്നതിനായി പ്രധാന ആക്റ്റിലെ "ക്രെഡിറ്റ് ഡെബിറ്റ് നോട്ടുകൾ" എന്നതുമായി ബന്ധപ്പെട്ട 34-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിന്റെ 16-ാം ഖണ്ഡം കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ആഡിറ്റിന് വിധേയമായിട്ടുള്ള, കേന്ദ്രത്തിന്റെയോ സംസ്ഥാന സർക്കാരിന്റെയോ, ഏതെങ്കിലും വകുപ്പോ, തദ്ദേശാധികാരസ്ഥാനമോ അവരുടെ അക്കൗണ്ട് ബുക്കുകൾ ഏതെങ്കിലും കോസ്റ്റ് അക്കൗണ്ടിനെയോ അല്ലെങ്കിൽ ചാർട്ടേഡ് അക്കൗണ്ടിനെയോ കൊണ്ട് ആഡിറ്റ് ചെയ്യേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, "അക്കൗണ്ടുകളും മറ്റു റെക്കോഡുകളും" ആയി ബന്ധപ്പെട്ട പ്രധാന ആക്റ്റിന്റെ 35-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 17-ാം ഖണ്ഡം, പ്രതിമാസ നികുതി നൽകുന്നതോടൊപ്പം ത്രൈമാസ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നിർണ്ണയിക്കുന്നത് വ്യവസ്ഥ ചെയ്യുന്നതിനായി, "റിട്ടേൺ നൽകൽ" ആയി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 39-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 18-ാം ഖണ്ഡം, റിട്ടേൺ ഫയൽ ചെയ്യുന്നതിനും നിക്ഷേപവിഭവ നികുതിയിളവ് ലഭിക്കുന്നതിനുമുള്ള നടപടിക്രമം നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ 43എ എന്ന പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 19-ാം ഖണ്ഡം, റീഫണ്ടിനു വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കൽ, രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, എന്നിവ പോലെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുന്നതിന് ചരക്ക് സേവന നികുതി പ്രാക്ടീഷണർമാരെ അനുവദിക്കുന്നതിന്, "ചരക്ക് സേവന നികുതി പ്രാക്ടീഷണർമാർ" എന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 48-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 20-ാം ഖണ്ഡം, കേന്ദ്ര നികുതിയിലെ ശേഷിക്കുന്ന നിക്ഷേപവിഭവ നികുതിയിളവ്, സംയോജിത നികുതി നൽകുന്നതിന് ലഭ്യമല്ലാത്തപ്പോൾ മാത്രം, സംസ്ഥാന നികുതിയിലെ നിക്ഷേപവിഭവ നികുതിയിളവ് സംയോജിത നികുതി നൽകുന്നതിന് വിനിയോഗിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, "നികുതി, പിഴ, പലിശ, മറ്റു തുക എന്നിവയുടെ നൽകൽ" എന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 49-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 21-ാം ഖണ്ഡം, 49എ, 49ബി എന്നീ പുതിയ രണ്ടു വകുപ്പുകൾ ചേർക്കുവാൻ ഉദ്ദേശിക്കുന്നു. സംയോജിത നികുതിയോ സംസ്ഥാന നികുതിയോ നൽകുന്നതിന് ലഭ്യമായ സംയോജിതനികുതി ഇല്ലാതാകുമ്പോൾ മാത്രമേ, സംസ്ഥാന നികുതിയിലുള്ള നിക്ഷേപവിഭവ നികുതിയിളവ് വിനിയോഗിക്കാൻ ഒരു നികുതിദായകന് സാധ്യമാകൂ എന്ന് 49എ വകുപ്പ് വ്യക്തമാക്കുന്നു. ഏതെങ്കിലും നികുതി നൽകുന്നതിന്, ഏതെങ്കിലും പ്രത്യേക നികുതിയിലുള്ള നിക്ഷേപ വിഭവ നികുതിയുടെ വിനിയോഗത്തിന്റെ ക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ 49ബി വകുപ്പ് ഉദ്ദേശിക്കുന്നു.

ബില്ലിലെ 22-ാം ഖണ്ഡം, 39-ാം വകുപ്പ് പരാമർശിക്കുന്നതിന് വേണ്ടി, "സ്രോതസ്സിൽ നിന്നും നികുതി പിരിക്കുന്നത്" എന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 52-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 23-ാം ഖണ്ഡം ഒരു സ്പെഷ്യൽ ഇക്കണോമിക് സോൺ ഡവലപ്പറോ യൂണിറ്റോ നടത്തിയിട്ടുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണത്തിൽ നിന്നും ഉണ്ടാകുന്ന റീഫണ്ടിന്റെ സംഗതിയിൽ "അൺജെസ്റ്റ് എൻറിച്ച്മെന്റ്" എന്ന തത്വം ബാധകമാകുമെന്ന് വ്യവസ്ഥചെയ്യുന്നതിനായി, നികുതി റീഫണ്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട, പ്രധാന ആക്റ്റിന്റെ 54-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 24-ാം ഖണ്ഡം, രജിസ്റ്റർ ചെയ്ത ആളുകളുടെ മറ്റു സ്ഥാപനങ്ങളിൽ നിന്നും, വേഗത്തിലുള്ള ഈടാക്കൽ നടപടികൾ ഉറപ്പാക്കുന്നതിനായി, വ്യത്യസ്ത സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യത്യസ്ത ആളുകളിൽ നിന്നും നികുതി ഈടാക്കുന്നതിനായി, നികുതി ഈടാക്കൽ എന്നതുമായി ബന്ധപ്പെട്ട, പ്രധാന ആക്റ്റിന്റെ, 79-ാം വകുപ്പ്, ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 25-ാം ഖണ്ഡം, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ, അപ്പീൽ ഫയൽ ചെയ്യുന്നതിന് നൽകേണ്ടതായ തുകയുടെ ഉയർന്ന പരിധി ഇരുപത്തിയഞ്ചു കോടി രൂപയായി നിശ്ചയിക്കുന്നതിന് "അപ്പലേറ്റ് അതോറിറ്റിക്കുള്ള അപ്പീലുകൾ", എന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 107-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 26-ാം ഖണ്ഡം, അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ, അപ്പീൽ ഫയൽ ചെയ്യുന്നതിന്, നൽകേണ്ടതായ, തുകയുടെ ഉയർന്ന പരിധി അമ്പത് കോടി രൂപയായി നിശ്ചയിക്കുന്നതിന്, "അപ്പലേറ്റ് ട്രൈബ്യൂണലിലേക്കുള്ള അപ്പീലുകൾ" എന്നതുമായ ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 112-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 27-ാം ഖണ്ഡം, 130-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ ആരംഭിക്കുന്നതിനുള്ള സമയപരിധി ഏഴ് ദിവസം എന്നതിൽ നിന്നും പതിനാല് ദിവസമായി വർദ്ധിപ്പിക്കുന്നതിനായി, "കൊണ്ടു പോകുന്ന ചരക്കുകളുടെയും വാഹനങ്ങളുടെയും തടഞ്ഞു വെയ്ക്കലും പിടിച്ചെടുക്കലും വിട്ടുകൊടുക്കലും," എന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ, 129-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 28-ാം ഖണ്ഡം, ജോബ് വർക്കിന് അയച്ച നിക്ഷേപവും മൂലധന ചരക്കുകളും തിരികെ നൽകുന്നതിനുള്ള സമയപരിധി, ഒരു വർഷമോ രണ്ടു വർഷമോ ആകാവുന്ന കാലയളവിലേക്ക് ദീർഘിപ്പിക്കുവാൻ കമ്മീഷണർക്ക് അധികാരം നൽകുന്നതിന് "ജോബ് വർക്കിന്റെ നടപടിക്രമം" എന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിന്റെ 143-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 29-ാം ഖണ്ഡം "പ്രതിഫലമില്ലാതെ നൽകിയതാണെങ്കിലും വിതരണമായി കരുതപ്പെടുന്ന പ്രവർത്തനങ്ങൾ" എന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ I-ാം പട്ടിക ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 30-ാം ഖണ്ഡം "ചരക്കുകളുടെ വിതരണമായോ സേവനങ്ങളുടെ വിതരണമായോ കരുതപ്പെടുന്ന പ്രവർത്തനങ്ങൾ" എന്ന പ്രധാന ആക്റ്റിലെ II-ാം പട്ടികയിലെ ശീർഷകം "ചരക്കുകളുടെ വിതരണമായോ സേവനങ്ങളുടെ വിതരണമായോ കരുതപ്പെടുന്ന പ്രവർത്തനങ്ങളോ ഇടപാടുകളോ" എന്ന് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 31-ാം ഖണ്ഡം ചരക്കുകളുടെ വിതരണമായോ സേവനങ്ങളുടെ വിതരണമായോ കരുതപ്പെടാത്ത പ്രവർത്തനങ്ങളോ ഇടപാടുകളോ ആയി ബന്ധപ്പെട്ട പ്രധാന ആക്റ്റിന്റെ III-ാം പട്ടിക ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 32-ാം ഖണ്ഡം റദ്ദാക്കലിനും ഒഴിവാക്കലിനും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

## 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റിൽ (2017-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

*** *** *** ***

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

*** *** *** ***

(4) "ന്യായനിർണ്ണയ അധികാരി" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും ഉത്തരവോ തീരുമാനമോ പുറപ്പെടുവിക്കുവാൻ നിയമിക്കപ്പെട്ടതോ അധികാരപ്പെടുത്തിയതോ ആയ ഏതെങ്കിലും അധികാരി എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ കമ്മീഷണർ, റിവിഷണൽ അതോറിറ്റി, അഡ്വാൻസ് റൂളിംഗിനു വേണ്ടിയുള്ള അതോറിറ്റി, അഡ്വാൻസ്ഡ് റൂളിംഗിനു വേണ്ടിയുള്ള അപ്പലേറ്റ് അതോറിറ്റി, അപ്പലേറ്റ് അതോറിറ്റി, അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവ ഉൾപ്പെടുന്നതല്ലാത്തതുമാണ്;

*** *** *** ***

(16) "ബോർഡ്" എന്നാൽ 1963-ലെ കേന്ദ്ര റവന്യൂ ബോർഡുകൾ ആക്റ്റ് (1963-ലെ 54-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രൂപീകരിച്ചിട്ടുള്ള കേന്ദ്ര എക്സൈസും കസ്റ്റംസും ബോർഡ് എന്നർത്ഥമാകുന്നു;

(17) "വ്യാപാരം" എന്നതിൽ,—

*** *** *** ***

(എച്ച്) ഒരു റെയ്സ് ക്ലബ്, ഒരു ടോട്ടലൈസേറ്റർ വഴിയോ അത്തരം ക്ലബ്ബിലെ ബുക്ക് മേക്കർക്കുള്ള ഒരു ലൈസൻസ് വഴിയോ നൽകുന്ന സേവനങ്ങൾ ; കൂടാതെ

*** *** *** ***

(18) "ബിസിനസ്സ് വെർട്ടിക്കൽ" എന്നാൽ, പ്രത്യേക ചരക്കുകളോ സേവനങ്ങളോ വിതരണം ചെയ്യുന്നതിൽ ഏർപ്പെട്ടിട്ടുള്ള ഒരു സംരംഭത്തിന്റെ വ്യത്യസ്ത ഘടകം അല്ലെങ്കിൽ മറ്റു ബിസിനസ്സ് വെർട്ടിക്കലിൽ നിന്നും വ്യത്യസ്തമായ റിസ്കുകൾക്കും റിട്ടേണുകൾക്കും വിധേയമായി, അതുമായി ബന്ധപ്പെട്ട ഒരു കൂട്ടം ചരക്കുകളോ സേവനങ്ങളോ എന്നർത്ഥമാകുന്നു.

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, ചരക്കുകളോ സേവനങ്ങളോ തമ്മിൽ ബന്ധപ്പെട്ടുള്ളതാണോ എന്ന് നിർണ്ണയിക്കുന്നതിനായി പരിഗണിക്കേണ്ട ഘടകങ്ങളിൽ,—

(എ) ചരക്കുകളുടേയോ സേവനങ്ങളുടേയോ സ്വഭാവം ;

(ബി) ഉത്പാദന പ്രക്രിയയുടെ സ്വഭാവം ;

(സി) ചരക്കുകളുടെയും സേവനങ്ങളുടെയും ഉപഭോക്താക്കളുടെ തരമോ വിഭാഗമോ;

(ഡി) ചരക്കുകൾ വിതരണം ചെയ്യുന്നതിനോ സേവനങ്ങൾ നൽകുന്നതിനോ ഉപയോഗിക്കപ്പെട്ട രീതികൾ ;

(ഇ) ബാങ്കിംഗ്, ഇൻഷ്വറൻസ്, അല്ലെങ്കിൽ പബ്ലിക് യൂട്ടിലിറ്റികളോ ഉൾപ്പെടെയുള്ള നിയന്ത്രിത അന്തരീക്ഷ സ്വഭാവം (ബാധകമാകുന്നിടത്തെല്ലാം),—എന്നിവ ഉൾപ്പെടുന്നു ;

*** *** *** ***

(35) "കോസ്റ്റ് അക്കൗണ്ടന്റ്" എന്നാൽ 1959-ലെ കോസ്റ്റ് ആന്റ് വർക്ക്സ് അക്കൗണ്ടന്റ്സ് ആക്റ്റ് (1959-ലെ 23-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു കോസ്റ്റ് അക്കൗണ്ടന്റ് എന്നർത്ഥമാകുന്നു ;

*** *** *** ***

(69) " തദ്ദേശ അധികാരസ്ഥാനം" എന്നാൽ, —

*** *** *** ***

(എഫ്) ഭരണഘടനയുടെ 371-ാം അനുച്ഛേദപ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു ഡെവലപ്മെന്റ് ബോർഡ് ; അല്ലെങ്കിൽ

*** *** *** ***

(102) "സേവനങ്ങൾ" എന്നാൽ ചരക്കുകൾ, പണം, സെക്യൂരിറ്റികൾ എന്നിവ ഒഴികെയുള്ള ഏതൊരു കാര്യവും എന്നർത്ഥമാകുന്നതും അതിൽ പണത്തിന്റെ ഉപയോഗം അല്ലെങ്കിൽ ക്യാഷായോ മറ്റ് ഏതെങ്കിലും വിധത്തിലോ, അത് ഒരു രൂപത്തിൽ നിന്നോ കറൻസിയിൽ നിന്നോ ഡിനോമിനേഷനിൽ നിന്നോ മറ്റൊരു രൂപത്തിലേക്കോ കറൻസിയിലേക്കോ ഡിനോമിനേഷനിലേക്കോ രൂപാന്തരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതും ആയതിന് ഒരു പ്രത്യേക പ്രതിഫലം ചുമത്തുന്നതുമാണ്;

*** *** *** ***

## അദ്ധ്യായം III

## നികുതി ചുമത്തലും ഈടാക്കലും

7. <u>വിതരണത്തിന്റെ വ്യാപ്തി</u>.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി "വിതരണം" എന്ന പദപ്രയോഗത്തിൽ,—

(എ) വ്യാപാരത്തിനിടയിലോ അത് മുന്നോട്ട് കൊണ്ടുപോകുമ്പോഴോ ഒരാൾ, പ്രതിഫലത്തിൻമേൽ നടത്തിയതോ നടത്താൻ സമ്മതിച്ചതോ ആയ എല്ലാ രൂപത്തിലുമുള്ള

ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വില്പന, കൈമാറ്റം, ബാർട്ടർ, വിനിമയം, ലൈസൻസ്, വാടക, പാട്ടം അല്ലെങ്കിൽ കയ്യൊഴിക്കൽ, എന്നിവ പോലുള്ള വിതരണം ;

(ബി) വ്യാപാരത്തിനിടയിലോ അത് മുന്നോട്ട് കൊണ്ടുപോകുന്നതിന്റെ ഭാഗമായോ ആയാലും അല്ലെങ്കിലും, പ്രതിഫലം നൽകിക്കൊണ്ട് സേവനം നൽകൽ ;

(സി) I-ാം പട്ടികയിൽ പ്രത്യേകം പറയുന്ന, ഒരു പ്രതിഫലത്തിനല്ലാതെ ചെയ്യുതോ ചെയ്യാമെന്ന് സമ്മതിച്ചതോ ആയ പ്രവർത്തനങ്ങൾ ;

(ഡി) II-ാം പട്ടികയിൽ പരാമർശിച്ചിട്ടുള്ള ചരക്കുകളുടെ വിതരണമായോ സേവനത്തിന്റെ വിതരണമായോ കരുതപ്പെടേണ്ട പ്രവർത്തനങ്ങൾ,

എന്നിവ ഉൾപ്പെടുന്നതാകുന്നു.

*** *** *** ***

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിന്, കൗൺസിലിന്റെ ശിപാർശകളിന്മേൽ, വിജ്ഞാപനം വഴി,—

(എ) ചരക്കുകളുടെ വിതരണമായും സേവനത്തിന്റെ വിതരണമല്ലാതെയും ; അല്ലെങ്കിൽ

(ബി) സേവനങ്ങളുടെ വിതരണമായും ചരക്കുകളുടെ വിതരണമല്ലാതെയും കരുതപ്പെടുന്ന വിജ്ഞാപനങ്ങൾ,

പ്രത്യേകം പറയാവുന്നതാണ്.

*** *** *** ***

9. <u>ചുമത്തലും പിരിച്ചെടുക്കലും</u>.—(1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, മനുഷ്യ ഉപഭോഗത്തിനുള്ള മദ്യത്തിന്റെ വിതരണം ഒഴികെ, സംസ്ഥാനത്തിനകത്ത് നടത്തുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണത്തിന്മേൽ, 15-ാം വകുപ്പിന് കീഴിൽ നിർണ്ണയിച്ചിട്ടുള്ള മൂല്യത്തിന്മേലും, കൗൺസിലിന്റെ ശിപാർശകളിന്മേൽ, സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന ഇരുപതു ശതമാനത്തിൽ കഴിയാത്ത പ്രകാരമുള്ള നിരക്കിലും, കേരള ചരക്ക സേവന നികുതി എന്ന പേരിൽ ഒരു നികുതി ചുമത്തേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, പിരിച്ചെടുക്കേണ്ടതും, നികുതി വിധേയനായ ആൾ നൽകേണ്ടതുമാണ്.

*** *** *** ***

(4) രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഒരു വിതരണക്കാരൻ, രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ആൾക്ക് നടത്തുന്ന നികുതി വിധേയമായ ചരക്കുകളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ വിതരണത്തിന്മേലുള്ള സംസ്ഥാന നികുതി, അപ്രകാരമുള്ള ആൾ റിവേഴ്സ് ചാർജ്ജ് അടിസ്ഥാനത്തിൽ സ്വീകർത്താവ് എന്ന നിലയിൽ, നൽകേണ്ടതും അപ്രകാരമുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും അല്ലെങ്കിൽ രണ്ടിന്റെയും വിതരണവുമായി ബന്ധപ്പെട്ട്, നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ആൾ എന്ന നിലയിൽ ഈ ആക്ടിലെ എല്ലാ വ്യവസ്ഥകളും ബാധകമാകുന്നതുമാണ്.

*** *** *** ***

10. <u>കോമ്പോസിഷൻ ലെവി</u>.—(1) ഈ ആക്ടിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ 9-ാം വകുപ്പ് (3)-ഉം (4)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും, തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തെ മൊത്തം വിറ്റുവരവ് അമ്പതുലക്ഷം രൂപയിൽ കവിയാത്ത ഒരു രജിസ്റ്റർ ചെയ്ത ആളിന്, അയാൾ നൽകേണ്ടതായ നികുതിക്ക് പകരം, നിർണ്ണയിക്കാവുന്ന പ്രകാരമുള്ള നിരക്കിൽ കണക്കാക്കിയതും, എന്നാൽ,—

(എ) ഒരു നിർമ്മാതാവാണെങ്കിൽ സംസ്ഥാനത്തുള്ള വിറ്റുവരവിന്റെ ഒരു ശതമാനത്തിലോ;

(ബി) II-ാം പട്ടികയിലെ 6-ാം ഖണ്ഡികയിലെ (ബി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിതരണം നടത്തുന്നതിൽ ഏർപ്പെട്ടിട്ടുള്ള ആളുകളാണെങ്കിൽ സംസ്ഥാനത്തുള്ള വിറ്റുവരവിന്റെ രണ്ടര ശതമാനത്തിലോ ;

(സി) മറ്റു വിതരണക്കാരുടെ സംഗതിയിൽ സംസ്ഥാനത്തുള്ള വിറ്റുവരവിന്റെ അരശതമാനത്തിലോ,

അധികരിക്കാത്തതുമായ തുക നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി നൽകുന്നതിനായി ഓപ്റ്റ് ചെയ്യാവുന്നതാണ്.

എന്നാൽ, സർക്കാരിന്, വിജ്ഞാപനംവഴി, കൗൺസിൽ ശിപാർശ ചെയ്യാവുന്ന പ്രകാരം അമ്പതുലക്ഷം രൂപയെന്ന പ്രസ്തുത പരിധി ഒരു കോടി രൂപയിൽ കവിയാത്ത പ്രകാരമുള്ള അങ്ങനെയുള്ള ഉയർന്ന തുകയായി വർദ്ധിപ്പിക്കാവുന്നതാണ്.

(2) രജിസ്റ്റർ ചെയ്ത ആളിന്,—

(എ) അയാൾ II-ാം പട്ടികയിലെ 6-ാം ഖണ്ഡികയിലെ (ബി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സേവനങ്ങളുടെ വിതരണങ്ങൾ ഒഴികെയുള്ള സേവനങ്ങളുടെ വിതരണത്തിൽ അയാൾ ഏർപ്പെട്ടിട്ടില്ലാത്ത പക്ഷം ;

*** *** *** ***

## അദ്ധ്യായം IV

## വിതരണത്തിന്റെ സമയവും മൂല്യവും

12. ചരക്കുകളുടെ വിതരണത്തിന്റെ സമയം.—(1) ചരക്കുകളിന്മേൽ നികുതി നൽകുന്നതിന് ഉള്ള ബാധ്യത, ഈ ആക്ടിലെ വകുപ്പുകൾ അനുസരിച്ച് നിർണ്ണയിച്ചിട്ടുള്ള പ്രകാരം, വിതരണത്തിന്റെ സമയത്തായിരിക്കുന്നതാണ്.

(2) ചരക്കുകളുടെ വിതരണത്തിനുള്ള സമയം, താഴെപ്പറയുന്ന തീയതികളിൽ ആദ്യത്തേത് ആയിരിക്കുന്നതാണ്, അതായത്:—

(എ) വിതരണക്കാരൻ ഇൻവോയിസ് നൽകുന്ന തീയതിയോ അല്ലെങ്കിൽ 31-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിതരണത്തെ സംബന്ധിച്ച് ഇൻവോയിസ് നൽകാൻ അയാൾ ബാദ്ധ്യസ്ഥനായ അവസാന തീയതിയോ ; അല്ലെങ്കിൽ

*** *** *** ***

13. സേവനങ്ങൾ വിതരണം നടത്തുന്ന സമയം.—(1) വിതരണങ്ങളിൻമേൽ നികുതി നൽകുന്നതിനുള്ള ബാദ്ധ്യത ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി നിർണ്ണയിക്കുന്ന പ്രകാരമുള്ള വിതരണസമയത്ത് ആയിരിക്കുന്നതാണ്.

(2) സേവനങ്ങൾ വിതരണം ചെയ്യുന്ന സമയം താഴെപറയുന്ന തീയതികളിലെ ആദ്യം വരുന്ന തീയതി ആയിരിക്കുന്നതാണ്, അതായത്:—

(എ) 31-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള കാലയളവിനുള്ളിൽ ഇൻവോയിസ് നൽകുന്നപക്ഷം, വിതരണം ചെയ്യുന്ന ആൾ ഇൻവോയിസ് നൽകുന്ന തീയതിയോ അല്ലെങ്കിൽ പണം ലഭിക്കുന്ന തീയതിയോ ഏതാണോ ആദ്യം അത്; അല്ലെങ്കിൽ

(ബി) 31-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിർണ്ണയിക്കുന്ന പ്രകാരമുള്ള കാലയളവിനുള്ളിൽ ഇൻവോയിസ് നൽകാത്തപക്ഷം, സേവനം നൽകുന്ന തീയതിയോ അല്ലെങ്കിൽ പണം ലഭിക്കുന്ന തീയതിയോ, ഏതാണോ ആദ്യം, അത്; അല്ലെങ്കിൽ

(സി) (എ) ഖണ്ഡത്തിലെയോ (ബി) ഖണ്ഡത്തിലെയോ വ്യവസ്ഥകൾ ബാധകമല്ലാത്ത സംഗതിയിൽ, സ്വീകർത്താവ് അക്കൗണ്ട് ബുക്കിൽ, സേവനങ്ങൾ ലഭിച്ചതായി കാണിക്കുന്ന തീയതി:

എന്നാൽ, നികുതിവിധേയനായ വിതരണക്കാരന് നികുതി ഇൻവോയിസിൽ രേഖപ്പെടുത്തിയ തുകയിൽ അധികരിച്ച് ആയിരം രൂപവരെ ലഭിക്കുന്നിടത്ത്, അപ്രകാരമുള്ള അധിക തുകയെ സംബന്ധിച്ച വിതരണത്തിന്റെ സമയം, വിതരണം ചെയ്യുന്ന ആളുടെ ഓപ്ഷൻ അനുസരിച്ച്, അപ്രകാരമുള്ള അധിക തുകയെ സംബന്ധിച്ച ഇൻവോയിസ്, നൽകുന്ന തീയതി ആയിരിക്കുന്നതാണ്.

<u>വിശദീകരണം.</u>—(എ) ഖണ്ഡത്തിന്റേയും (ബി) ഖണ്ഡത്തിന്റേയും ആവശ്യത്തിലേക്കായി,—

(i) വിതരണം, ഇൻവോയിസിൽ അല്ലെങ്കിൽ അതുമ സംഗതിപോലെ, പണം നൽകലിനു ഉൾപ്പെട്ടിടത്തോളം അത് നടത്തിയതായി കരുതപ്പെടുന്നതാണ്.

(ii) വിതരണക്കാരന്റെ അക്കൗണ്ട് ബുക്കിൽ രേഖപ്പെടുത്തിയ പണം നൽകിയ തീയതിയോ അല്ലെങ്കിൽ അയാളുടെ ബാങ്ക് അക്കൗണ്ടിൽ പണം വരവ് വച്ച തീയതിയോ, ഏതാണോ ആദ്യം, അത്, പണം ലഭിച്ച തീയതി ആയിരിക്കുന്നതാണ്.

*** *** *** ***

<u>അദ്ധ്യായം V</u>

## നിക്ഷേപവിഭവ നികതി ഇളവ്

16. <u>നിക്ഷേപവിഭവ നികതി ഇളവ് ലഭിക്കുന്നതിനുള്ള അർഹതയും നിബന്ധനകളും.</u>—(1) രജിസ്റ്റർ ചെയ്ത ഓരോ ആളിനും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായും 49-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള രീതിയിലും, അയാളുടെ വ്യാപാരം നടത്തുന്നതിനിടയിലോ അത് മുന്നോട്ട് കൊണ്ട് പോകുമ്പോഴോ ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുന്ന ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണത്തിന്, ചുമത്തിയ നിക്ഷേപവിഭവ നികതിയുടെ ഇളവ് ലഭിക്കുവാൻ അർഹനായിരിക്കുന്നതും പ്രസ്തുത തുക അയാളുടെ ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ വരവുവയ്ക്കേണ്ടതാണ്.

(2) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതൊരു രജിസ്റ്റർ ചെയ്ത ആൾക്കും, ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ അത് രണ്ടുമായോ ബന്ധപ്പെട്ടുള്ള നിക്ഷേപവിഭവ നികതി ഇളവിന്,—

*** *** *** ***

(ബി) അയാൾ ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ അവ രണ്ടുമോ സ്വീകരിച്ചിട്ടില്ലെങ്കിലോ,

അർഹതയുണ്ടായിരിക്കുന്നതല്ല.

<u>വിശദീകരണം.</u>—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, ഉടമസ്ഥാവകാശ പ്രമാണങ്ങളുടെ കൈമാറ്റത്തിലൂടെയോ അല്ലാതെയോ ചരക്കുനീക്കത്തിന്റെ സമയത്തോ അതിനുമുമ്പോ,സ്വീകർത്താവിനോ മറ്റേതെങ്കിലും ആളിനോ, രജിസ്റ്റർ ചെയ്ത ആളുടെ നിർദ്ദേശാനുസരണം ഏജന്റായി പ്രവർത്തിക്കുന്നതായാലും അല്ലെങ്കിലും, വിതരണക്കാരൻ ചരക്കുകൾ നൽകുന്നിടത്ത് രജിസ്റ്റർ ചെയ്ത ആൾ, ചരക്കുകൾ സ്വീകരിച്ചതായി കരുതപ്പെടുന്നതാണ്.

(സി) 41-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അപ്രകാരമുള്ള വിതരണവുമായി ബന്ധപ്പെട്ട് ചുമത്തിയിട്ടുള്ള നികുതി, പണമായിട്ടോ, അല്ലെങ്കിൽ പ്രസ്തുത വിതരണവുമായി ബന്ധപ്പെട്ട് ലഭ്യമായ നിക്ഷേപവിഭവ നികുതി ഇളവ് ഉപയോഗപ്പെടുത്തിയോ സർക്കാരിന്, യഥാർത്ഥത്തിൽ നൽകിയിട്ടില്ലെങ്കിൽ.

*** *** *** ***

17. <u>ഇളവിന്റെയും തടഞ്ഞുവയ്ക്കപ്പെട്ട ഇളവുകളുടെയും പങ്കുവയ്ക്കൽ</u>.—(1) രജിസ്റ്റർ ചെയ്ത ആൾ ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ അവ രണ്ടുമോ ഭാഗികമായി ഏതെങ്കിലും വ്യാപാരത്തിന്റെ ആവശ്യത്തിനും ഭാഗികമായി മറ്റേതെങ്കിലും ആവശ്യത്തിനും ഉപയോഗിക്കുന്നിടത്ത്, ഇളവിന്റെ തുക അയാളുടെ വ്യാപാര ആവശ്യങ്ങളുമായി ബന്ധപ്പെട്ടിടത്തോളമുള്ള നിക്ഷേപവിഭവ നികുതിയായി പരിമിതപ്പെടുത്തേണ്ടതാണ്.

*** *** *** ***

(3) (2)-ാം ഉപവകുപ്പിന് കീഴിൽ ഒഴിവാക്കപ്പെട്ടിരിക്കുന്ന ചരക്കുകളുടെ വിതരണത്തിന്റെ മൂല്യം നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുന്നതും അതിൽ റിവേഴ്സ് ചാർജ്ജ് അടിസ്ഥാനത്തിൽ സ്വീകർത്താവ് നികുതി നൽകാൻ ബാദ്ധ്യസ്ഥമായ വിതരണങ്ങളും, സെക്യൂരിറ്റികളുടെ ഇടപാടുകളും II-ാം പട്ടികയിൽ, 5-ാം ഖണ്ഡികയിലെ (ബി) ഖണ്ഡത്തിനു വിധേയമായി ഭൂമിയുടെ വിൽപ്പനയും കെട്ടിടത്തിന്റെ വിൽപ്പനയും ഉൾപ്പെടുന്നതാകുന്നു.

*** *** *** ***

(5) 16-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ 18-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, നിക്ഷേപവിഭവ നികുതിയിളവ് താഴെപറയുന്നവ സംബന്ധിച്ച് ലഭ്യമാകുന്നതല്ല, അതായത്,—

(എ) മോട്ടോർ വാഹനങ്ങളും മറ്റ് വാഹന സൗകര്യങ്ങളും,—

(i) താഴെപ്പറയുന്ന നികുതി വിധേയമായ വിതരണങ്ങൾ നടത്തുന്നതിന്, അതായത്:—

<u>(എ)</u> അങ്ങനെയുള്ള വാഹനങ്ങളുടെയോ മറ്റു ഗതാഗത മാർഗ്ഗങ്ങളുടെയോ വീണ്ടുമുള്ള വിതരണം; അല്ലെങ്കിൽ

<u>(ബി)</u> യാത്രക്കാരെ വഹിച്ചുകൊണ്ട് പോകൽ; അല്ലെങ്കിൽ

<u>(സി)</u> ഡ്രൈവിംഗ്, ഫ്ളയിംഗ് വാഹനങ്ങളോ അപ്രകാരമുള്ള ഗതാഗത ഉപാധികളോ നാവിഗേറ്റ് ചെയ്യൽ എന്നിവയിൽ നൽകുന്ന പരിശീലനം;

(ii) ചരക്കുകൾ കൊണ്ടുപോകുന്നതിന്,

എന്നിവയ്ക്ക് ഒഴികെ അവ ഉപയോഗിക്കുമ്പോൾ,

(ബി) താഴെ വിവരിക്കുന്ന ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ അവ രണ്ടിന്റെയുമോ വിതരണം,—

(i) ഒരു രജിസ്റ്റർ ചെയ്ത ആൾ, ഒരു പ്രത്യേക വിഭാഗം ചരക്കുകളോ, സേവനങ്ങളോ അല്ലെങ്കിൽ അവ രണ്ടുമോ അതേ വിഭാഗത്തിൽപ്പെട്ട ചരക്കുകളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ നികുതിവിധേയമായ 'ഔട്ട്‌വേർഡ് സപ്ലൈ' നടത്തുന്നതിനായി, നികുതി വിധേയമായ സംയുക്ത വിതരണത്തിന്റെയോ സമ്മിശ്രവിതരണത്തിന്റെയോ, ഒരു ഘടകമെന്ന നിലയിൽ ഉപയോഗിക്കുന്നിടത്തൊഴികെ, ഭക്ഷണവും പാനീയങ്ങളും, ഔട്ട് ഡോർ കാറ്ററിംഗ്, ബ്യൂട്ടി ട്രീറ്റ്മെന്റ്, ആരോഗ്യസേവനങ്ങൾ, കോസ്മെറ്റിക്, പ്ലാസ്റ്റിക് സർജറി;

(ii) ക്ലബ്, ആരോഗ്യ-ഫിറ്റ്നസ് കേന്ദ്രം എന്നിവയിലുള്ള അംഗത്വം;

(iii) റെന്റ്-എ-ക്യാബ്, ലൈഫ് ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ് എന്നിവ താഴെ പറയുന്നവ ഒഴിച്ച്,—

(എ) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമ പ്രകാരം, ഒരു തൊഴിലുടമ തൊഴിലാളിക്ക് നൽകാൻ ബാദ്ധ്യസ്ഥമായ, സർക്കാർ വിജ്ഞാപനം ചെയ്യുന്ന സേവനങ്ങൾ; അല്ലെങ്കിൽ

(ബി) ഒരു രജിസ്റ്റർ ചെയ്ത ആൾ നികുതിവിധേയമായ സംയുക്ത വിതരണത്തിന്റെയോ സമ്മിശ്ര വിതരണത്തിന്റെയോ ഭാഗമെന്ന നിലയിൽ, ഒരു രജിസ്റ്റർ ചെയ്ത ആൾ, ഒരു പ്രത്യേക വിഭാഗത്തിലുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ ഇൻവേർഡ് സപ്ലൈ ഒരു വിഭാഗത്തിലുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ ഔട്ട്‌വേർഡ് സപ്ലൈ നടത്തുന്നതിനായി, ഉപയോഗിക്കുന്നിടത്തും;

(iv) വെക്കേഷൻ കാലയളവിൽ തൊഴിലാളികൾക്കുനൽകുന്ന ലീവ് ട്രാവൽ കൺസെഷൻ അല്ലെങ്കിൽ ഹോം ട്രാവൽ കൺസെഷൻ എന്നിവ പോലെയുള്ള യാത്രാനുകൂല്യങ്ങൾ;

*** *** *** ***

20. <u>നിക്ഷേപവിഭവ സേവന വിതരണക്കാർ ഇളവ് നൽകുന്ന രീതി</u>.—(1) നിക്ഷേപവിഭവ സേവന വിതരണക്കാരൻ, സംസ്ഥാന നികുതി ഇളവ്, സംസ്ഥാന നികുതിയായോ അല്ലെങ്കിൽ സംയോജിത നികുതിയായോ, സംയോജിത നികുതി സംയോജിത നികുതിയായോ അല്ലെങ്കിൽ സംസ്ഥാന നികുതിയായോ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, നിക്ഷേപ വിഭവ നികുതി ഇളവ് തുക അടങ്ങിയ ഒരു പ്രമാണം, നൽകിക്കൊണ്ട് വിതരണം ചെയ്യേണ്ടതാണ്.

*** *** *** ***

<u>വിശദീകരണം.</u>—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

*** *** *** ***

(സി) ഈ ആക്റ്റ് പ്രകാരം നികുതി വിധേയമായ ചരക്കുകളും നികുതി വിധേയമല്ലാത്ത ചരക്കുകളും വിതരണം ചെയ്യുന്നതിൽ ഏർപ്പെട്ടിട്ടുള്ള രജിസ്റ്റർ ചെയ്ത ഏതെങ്കിലും ആളുമായി ബന്ധപ്പെട്ട് വിറ്റ് വരവ് എന്ന പദം, ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് I-ലെ 84-ാം ഉൾക്കുറിപ്പ് പ്രകാരമോ പ്രസ്തുത പട്ടികയിലെ ലിസ്റ്റ് II-ലെ 51-ഉം 54-ഉം ഉൾക്കുറിപ്പ് പ്രകാരമോ ചുമത്തപ്പെട്ട ഏതെങ്കിലും ഡ്യൂട്ടിയുടെയോ നികുതിയുടെയോ തുക കുറവ് ചെയ്തു കൊണ്ടുള്ള വിറ്റുവരവിന്റെ മൂല്യം എന്ന് അർത്ഥമാകുന്നു.

*** *** *** ***

## <u>അദ്ധ്യായം VI</u>

## രജിസ്ട്രേഷൻ

22. <u>രജിസ്റ്റർ ചെയ്യാൻ ബാധ്യസ്ഥരായ ആളുകൾ.</u>—(1) സംസ്ഥാനത്ത്, നികുതി വിധേയമായ ചരക്കുകളുടേയോ സേവനങ്ങളുടേയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണം നടത്തുന്ന ഓരോ വിതരണക്കാരനും അയാളുടെ ഒരു സാമ്പത്തിക വർഷത്തെ മൊത്തം വിറ്റുവരവ് ഇരുപത് ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ഈ ആക്റ്റിന് കീഴിൽ രജിസ്റ്റർ ചെയ്യുവാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള ആൾ നികുതിവിധേയമായ ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ ഇവ രണ്ടുമോ ഏതെങ്കിലും പ്രത്യേക വിഭാഗം സംസ്ഥാനങ്ങളിൽ നിന്നും വിതരണം ചെയ്യുന്നിടത്ത്, അയാളുടെ ഒരു സാമ്പത്തിക വർഷത്തെ മൊത്തം വിറ്റുവരവ് പത്തു ലക്ഷം രൂപയിൽ കവിയുകയാണെങ്കിൽ അയാൾ രജിസ്റ്റർ ചെയ്യുവാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്:

*** *** *** ***

<u>വിശദീകരണം.</u>—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

*** *** *** ***

(iii) "പ്രത്യേക വിഭാഗം സംസ്ഥാനങ്ങൾ" എന്ന പദപ്രയോഗം ഭരണഘടനയുടെ 279 എ അനുച്ഛേദം (4)-ാം ഖണ്ഡം (ജി) ഉപഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള സംസ്ഥാനങ്ങൾ എന്ന് അർത്ഥമാകുന്നതാണ്.

24. ചില സംഗതികളിൽ നിർബന്ധിത രജിസ്ട്രേഷൻ.—22-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെട്ട ആളുകൾ നിർബന്ധമായും ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്,—

*** *** *** ***

(x) ഓരോ ഇലക്ട്രോണിക് കോമേഴ്സ് ഓപ്പറേറ്ററും ;

*** *** *** ***

25. രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം.—(1) 22-ാം വകുപ്പുപ്രകാരമോ 24-ാം വകുപ്പു പ്രകാരമോ രജിസ്റ്റർ ചെയ്യുവാൻ ബാദ്ധ്യസ്ഥനായ ഓരോ ആളും, രജിസ്റ്റർ ചെയ്യുവാൻ ബാദ്ധ്യസ്ഥനായിത്തീർന്ന തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കുള്ളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള നിബന്ധനങ്ങൾക്കു വിധേയമായും രജിസ്റ്റർ ചെയ്യുന്നതിനായി അപേക്ഷിക്കേണ്ടതാണ്:

എന്നാൽ, വല്ലപ്പോഴും നികുതിവിധേയനായ ആളോ ഒരു നിവാസേതര നികുതിദായകനായ ആളോ വ്യാപാരം തുടങ്ങുന്നതിന്, അഞ്ച് ദിവസം മുമ്പെങ്കിലും രജിസ്റ്റർ ചെയ്യുന്നതിനായി അപേക്ഷ നൽകേണ്ടതാണ്.

വിശദീകരണം.—ഇന്ത്യയുടെ പ്രാദേശിക ജലാതിർത്തിയിൽ നിന്നും വിതരണം നടത്തുന്ന ഓരോ ആളും ഏറ്റവും അടുത്തുള്ള ഉചിതമായ ബേസ് ലൈൻ സ്ഥിതിചെയ്യുന്ന തീരദേശ സംസ്ഥാനത്ത് രജിസ്ട്രേഷൻ നേടേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനായി അപേക്ഷിക്കുന്ന ഒരാൾക്ക്, സിംഗിൾ രജിസ്ട്രേഷൻ അനുവദിക്കേണ്ടതാണ്:

എന്നാൽ, സംസ്ഥാനത്ത് വിവിധ വെർട്ടിക്കൽ ബിസിനസ്സുകൾ ഉള്ള ഒരാൾക്ക്, നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്ക് വിധേയമായി, ഓരോ ബിസിനസ്സ് വെർട്ടിക്കലിനും ഒരു പ്രത്യേക രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്.

*** *** *** ***

29. രജിസ്ട്രേഷൻ റദ്ദാക്കൽ.—(1) ഉചിതമായ ഉദ്യോഗസ്ഥന്, സ്വമേധയായോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത ആളുടെയോ, അപ്രകാരമുള്ള ആൾ മരണമടയുന്ന സംഗതിയിൽ അയാളുടെ അനന്തരാവകാശികളുടെ അപേക്ഷയിൻമേലോ, നിർണ്ണയിക്കപ്പെടാവുന്ന, പ്രകാരമുള്ള രീതിയിലും സമയത്തിനുള്ളിലും,—

*** *** *** ***

(സി) 25-ാം വകപ്പ് (3)-ാം ഉപവകപ്പ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കന്ന ഒരാൾ അല്ലാതെയുള്ള നികുതിവിധേയനായ ഒരാൾ, 22-ാം വകപ്പോ 24-ാം വകപ്പോ പ്രകാരം രജിസ്റ്റർ ചെയ്യാൻ ബാധ്യസ്ഥനല്ലാതായിത്തീർന്നു,

എന്നീ സാഹചര്യങ്ങൾ പരിഗണിച്ച്, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണ്.

*** *** *** ***

34. ക്രെഡിറ്റ് ഡെബിറ്റ് നോട്ടുകൾ.—(1) ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ വിതരണത്തിന് ടാക്സ് ഇൻവോയിസ് നൽകുകയും, നികുതി വിധേയമായ മൂല്യം അല്ലെങ്കിൽ ടാക്സ് ഇൻവോയിസിൽ ചുമത്തിയിരിക്കുന്ന നികുതി, നികുതിവിധേയമായ മൂല്യത്തെയോ അല്ലെങ്കിൽ പ്രസ്തുത വിതരണത്തെ സംബന്ധിച്ച് നൽകേണ്ട നികുതിയേയോ അധികരിക്കുമെന്ന് കാണുന്നിടത്ത്, അല്ലെങ്കിൽ വിതരണം ചെയ്ത ചരക്കുകൾ സ്വീകർത്താവ് തിരികെ നൽകുന്നിടത്തോ അല്ലെങ്കിൽ ചരക്കുകളോ സേവനങ്ങളോ രണ്ടുംകൂടിയോ വിതരണം ചെയ്തതിൽ എന്തെങ്കിലും ന്യൂനതയുണ്ടെന്ന് കാണുന്നിടത്തോ അങ്ങനെയുള്ള ചരക്കുകളോ സേവനങ്ങളോ രണ്ടുംകൂടിയോ വിതരണം ചെയ്ത, ഒരു രജിസ്റ്റർ ചെയ്ത ആൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിവരങ്ങളടങ്ങിയ ഒരു ക്രെഡിറ്റ് നോട്ട്, സ്വീകർത്താവിന് നൽകാവുന്നതാണ്.

*** *** *** ***

(3) ഏതെങ്കിലും ചരക്കുകളോ സേവനങ്ങളോ രണ്ടുംകൂടിയോ വിതരണം ചെയ്യുന്നതിന്, ഒരു ടാക്സ് ഇൻവോയിസ് നൽകുകയും, പ്രസ്തുത ടാക്സ് ഇൻവോയിസിൽ ചുമത്തിയ, നികുതിവിധേയമായ മൂല്യമോ അല്ലെങ്കിൽ നികുതിയോ അപ്രകാരമുള്ള വിതരണത്തെ സംബന്ധിച്ച് നൽകേണ്ടതായ നികുതി വിധേയ മൂല്യത്തേക്കാളോ, നികുതിയേക്കാളോ കുറവാണെന്ന് കാണുകയും ചെയ്യുകയാണെങ്കിൽ അപ്രകാരമുള്ള ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ രണ്ടുമോ വിതരണം നടത്തിയ രജിസ്റ്റർ ചെയ്ത ആൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയ ഒരു ഡെബിറ്റ് നോട്ട് സ്വീകർത്താവിന് നൽകേണ്ടതാണ്.

*** *** *** ***

## അദ്ധ്യായം VIII

## അക്കൗണ്ടുകളും റിക്കാർഡുകളും

35. അക്കൗണ്ടുകളും മറ്റ് റിക്കാർഡുകളും.—(1) രജിസ്റ്റർ ചെയ്ത ഓരോ ആളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ തന്റെ പ്രധാന വ്യാപാര സ്ഥലത്ത്,—

*** *** *** ***

(5) ഒരു സാമ്പത്തിക വർഷത്തിലെ വിറ്റുവരവ്, നിർണ്ണയിക്കപ്പെട്ട പരിധിയിൽ കവിയുന്ന രജിസ്റ്റർ ചെയ്ത ഓരോ ആളും അയാളുടെ അക്കൗണ്ടുകൾ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ടോ ഒരു കോസ്റ്റ് അക്കൗണ്ടന്റിനെ കൊണ്ടോ ആഡിറ്റ് ചെയ്യിപ്പിക്കേണ്ടതും, ആഡിറ്റ് ചെയ്ത വാർഷിക അക്കൗണ്ടുകൾ, 44-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് രേഖകൾ എന്നിവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും സമർപ്പിക്കേണ്ടതാണ്.

*** *** *** ***

39. റിട്ടേൺ നൽകൽ.—(1) ഒരു നിക്ഷേപവിഭവ സേവന വിതരണക്കാരനോ നിവാസേതര നികുതി വിധേയനായ ആളോ അല്ലെങ്കിൽ 10-ാം വകുപ്പോ, 51-ാം വകുപ്പോ, 52-ാം വകുപ്പോ പ്രകാരം നികുതി നൽകുന്നതായ ഒരാളോ, അല്ലാതെയുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ ആളും ഓരോ കലണ്ടർ മാസത്തിനോ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗത്തിനോ ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടും കൂടിയതോ ആയ ഇൻവേർഡ് സപ്ലൈയ്യും ഔട്ട്‌വേർഡ് സപ്ലൈയ്യും ലഭിച്ച നിക്ഷേപവിഭവ നികുതി ഇളവ്, നൽകേണ്ട നികുതി, നൽകിയ നികുതി, നിർണ്ണയിക്കാവുന്ന മറ്റു വിവരങ്ങൾ എന്നിവയുടെ ഒരു റിട്ടേൺ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, അങ്ങനെയുള്ള ഇലക്ട്രോണിക് ഫാറത്തിലും രൂപത്തിലും ഓരോ കലണ്ടർ മാസത്തിനും അതിന്റെ ഭാഗത്തിനും തുടർന്നു വരുന്ന മാസത്തെ ഇരുപതാം തീയതിക്കു മുമ്പായി നൽകേണ്ടതാണ്.

*** *** *** ***

(7) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ (5)-ാം ഉപവകുപ്പോ പ്രകാരം റിട്ടേൺ സമർപ്പിക്കുവാൻ ബാദ്ധ്യസ്ഥനായ ഓരോ രജിസ്റ്റർ ചെയ്ത ആളും, അങ്ങനെയുള്ള റിട്ടേൺ അനുസരിച്ച് നൽകേണ്ടതായ നികുതി, പ്രസ്തുത റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്.

*** *** *** ***

(9) 37-ാം വകുപ്പിലെയും 38-ാം വകുപ്പിലെയും വ്യവസ്ഥകൾക്ക് വിധേയമായി, രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും ഒരു ആൾ (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ (4)-ാം ഉപവകുപ്പോ (5)-ാം ഉപവകുപ്പോ പ്രകാരം ഒരു റിട്ടേൺ സമർപ്പിച്ചതിനുശേഷം, നികുതി അധികാരസ്ഥാനങ്ങളുടെ സൂക്ഷ്മപരിശോധന, ആഡിറ്റ്, പരിശോധനയും നടപ്പിലാക്കലും എന്നിവ മുഖേന അല്ലാതെ ഏതെങ്കിലും വീഴ്ചയോ അല്ലെങ്കിൽ തെറ്റായ വിവരങ്ങളോ കണ്ടെത്തിയാൽ, അങ്ങനെയുള്ള വീഴ്ചയോ തെറ്റായ വിവരങ്ങളോ

ശ്രദ്ധയിൽപ്പെട്ട കാലയളവിലെ മാസത്തേയ്ക്ക് അല്ലെങ്കിൽ മാസത്രയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതായ റിട്ടേണിൽ, ഈ ആക്റ്റിൻ കീഴിൽ പലിശ നൽകുന്നതിന് വിധേയമായി, തെറ്റ് തിരുത്തേണ്ടതാണ്:

എന്നാൽ, സെപ്റ്റംബർ മാസത്തിലെ റിട്ടേൺ സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതിയോ അല്ലെങ്കിൽ സാമ്പത്തിക വർഷാവസാനത്തിനുശേഷം വരുന്ന രണ്ടാമത് മാസത്രയത്തിലോ, അല്ലെങ്കിൽ വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിനായുള്ള യഥാർത്ഥ തീയതിലോ ഏതാണോ ആദ്യം, അതിനുശേഷം അപ്രകാരമുള്ള ഏതെങ്കിലും വീഴ്ചയുടെയോ തെറ്റായ വിവരങ്ങളോ തിരുത്തുവാൻ അനുവദിക്കുവാൻ പാടുള്ളതല്ല.

*** *** *** ***

43. <u>ഉൽപ്പന്നവിഭവ നികുതി കിഴിവിന്റെ ഒത്തുനോക്കലും റിവേഴ്സലും റീക്ലെയിമും</u>—(1) ഒരു നികുതി കാലയളവിലേയ്ക്ക്, ഒരു രജിസ്റ്റർ ചെയ്ത ഒരു ആൾ (ഇതിനുശേഷം ഈ വകുപ്പിൽ "വിതരണക്കാരൻ" എന്നാണ് പരാമർശിക്കുക) നൽകിയിട്ടുള്ള ഔട്ട്‌വേർഡ് സപ്ലൈയുമായി ബന്ധപ്പെട്ട ഓരോ ക്രെഡിറ്റ് നോട്ടിന്റെയും വിശദാംശങ്ങൾ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള സമയത്തിനകത്തും—

(എ) ബന്ധപ്പെട്ട രജിസ്റ്റർ ചെയ്ത ആൾ (ഇതിനുശേഷം ഈ വകുപ്പിൽ "സ്വീകർത്താവ്" എന്നാണ് പരാമർശിക്കുക) അതേ നികുതി കാലയളവിലേയ്ക്കോ അല്ലെങ്കിൽ അതിനുശേഷം വരുന്ന നികുതി കാലയളവിലേയ്ക്കോ അയാളുടെ സാധുവായ റിട്ടേണിലെ നിക്ഷേപവിഭവ നികുതി ഇളവിന്റെ അവകാശവാദത്തിലുള്ള ബന്ധപ്പെട്ട കുറവുമായും;

(ബി) ഉൽപ്പന്ന നികുതി ബാദ്ധ്യതയുടെ കുറവ് ചെയ്യുന്നതിനായുള്ള അവകാശവാദത്തിൻെറ ഡ്യൂപ്ലിക്കേഷനെ സംബന്ധിച്ചും,

ഒത്തുനോക്കേണ്ടതാണ്.

*** *** *** ***

(10) (7)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉൽപ്പന്ന നികുതി ബാദ്ധ്യതയിൽ നിന്നും കുറവ് ചെയ്ത തുക, പ്രസ്തുത വൈരുദ്ധ്യം സംഭവിച്ച മാസത്തേയ്ക്കുള്ള വിതരണക്കാരന്റെ റിട്ടേണിലെ അയാളുടെ ഉൽപ്പന്നനികുതി ബാദ്ധ്യതയോട് ചേർക്കേണ്ടതും, പ്രസ്തുത വിതരണക്കാരൻ അപ്രകാരം കൂട്ടിച്ചേർത്ത തുകയ്ക്ക് 50-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ പലിശ നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

*** *** *** ***

48. ചരക്ക് സേവന നികുതി പ്രാക്ടീഷണർമാർ.—(1) ചരക്ക് സേവന നികുതി പ്രാക്ടീഷണർമാരെ അംഗീകരിക്കുന്ന രീതി, അവരുടെ യോഗ്യത സംബന്ധിച്ചുള്ള വ്യവസ്ഥകൾ, കർത്തവ്യങ്ങളും ചുമതലകളും, നീക്കം ചെയ്യുന്ന രീതിയും അവരുടെ പ്രവർത്തനത്തിനായുള്ള പ്രസക്തമായ മറ്റ് വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(2) ഒരു രജിസ്റ്റർ ചെയ്ത ആളിന്, 37-ാം വകുപ്പിൻ കീഴിലുള്ള, ഔട്ട്‌വേർഡ് സപ്ലൈയുടെ വിശദാംശങ്ങളും 38-ാം വകുപ്പിൻകീഴിലുള്ള ഇൻവേർഡ് സപ്ലൈയുടെ വിശദാംശങ്ങളും 39-ാം വകുപ്പിന്റേയോ 44-ാം വകുപ്പിന്റേയോ 45-ാം വകുപ്പിന്റേയോ കീഴിലുള്ള റിട്ടേണും നിർണ്ണയിക്കപ്പെടാവുന്ന, അങ്ങനെയുള്ള രീതിയിൽ സമർപ്പിക്കുന്നതിന് ഒരു അംഗീകൃത ചരക്ക് സേവന നികുതി പ്രാക്ടീഷണറെ അധികാരപ്പെടുത്താവുന്നതാണ്.

*** *** *** ***

## അദ്ധ്യായം X

## നികുതി നൽകൽ

49. നികുതി, പലിശ, പിഴ, മറ്റ് തുകകൾ എന്നിവയുടെ നൽകൽ.—(1) ഇന്റർനെറ്റ് ബാങ്കിങ്ങോ, ക്രെഡിറ്റ് ഡെബിറ്റ് കാർഡുകളോ, നാഷണൽ ഇലക്‌ട്രോണിക് ഫണ്ട് ട്രാൻസ്ഫറോ, റിയൽ ടൈം ഗ്രോസ്സ് സെറ്റിൽമെന്റോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും രീതിയിലോ, നിർണ്ണയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഒരു ആൾ നികുതി, പലിശ, പിഴ, ഫീസ് അല്ലെങ്കിൽ മറ്റേതെങ്കിലും തുക എന്നിവയിലേക്ക് നടത്തുന്ന ഓരോ നിക്ഷേപവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ വച്ചുപോരുന്ന, അയാളുടെ ഇലക്‌ട്രോണിക് ക്യാഷ് ലെഡ്ജറിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

(2) രജിസ്റ്റർ ചെയ്ത ഒരു ആളിന്റെ, റിട്ടേണിലെ സ്വയം തിട്ടപ്പെടുത്തിയ നിക്ഷേപവിഭവ നികുതിയിളവ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ സൂക്ഷിക്കുന്ന അയാളുടെ ഇലക്‌ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ 41-ാം വകുപ്പിന് അനുസൃതമായി വരവ് വയ്ക്കേണ്ടതാണ്.

*** *** *** ***

(5) രജിസ്റ്റർ ചെയ്ത ഒരു ആളിന്റെ ഇലക്‌ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ ലഭ്യമായ,—

*** *** *** ***

(സി) സംസ്ഥാന നികുതിയാലുള്ള നിക്ഷേപവിഭവ നികുതിയിളവിന്റെ തുക, ആദ്യം സംസ്ഥാന നികുതി നൽകുന്നതിന് വിനിയോഗിക്കേണ്ടതും ശേഷിക്കുന്ന തുക എന്തെങ്കിലും ഉണ്ടെങ്കിൽ സംയോജിത നികുതി നൽകുന്നതിന് വിനിയോഗിക്കാവുന്നതുമാണ്;

(ഡി) കേന്ദ്രഭരണപ്രദേശ നികുതിയാലുള്ള നിക്ഷേപവിഭവ നികുതിയിളവിന്റെ തുക ആദ്യം കേന്ദ്രഭരണപ്രദേശ നികുതി നൽകുന്നതിന് വിനിയോഗിക്കേണ്ടതും ശേഷിക്കുന്ന തുക, എന്തെങ്കിലും ഉണ്ടെങ്കിൽ സംയോജിത നികുതി നൽകുന്നതിന് വിനിയോഗിക്കാവുന്നതുമാണ്;

*** *** *** ***

52. <u>സ്രോതസ്സിൽ നിന്നും നികുതി പിരിക്കുന്നത്.</u>—(1)ഈ ആക്ടിൽ, വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു ഏജന്റ് അല്ലാത്ത ഓരോ ഇലക്ട്രോണിക് കോമേഴ്സ് ഓപ്പറേറ്ററും (ഇതിനു ശേഷം ഈ വകുപ്പിൽ 'ഓപ്പറേറ്റർ' എന്നാണ് പരാമർശിക്കപ്പെടുക) അത് മുഖാന്തരം മറ്റ് വിതരണക്കാർ നടത്തുന്ന വിതരണത്തിന്റെ മൊത്തം മൂല്യത്തിന്റെ, അപ്രകാരമുള്ള വിതരണത്തിന്റെ പ്രതിഫലം ഓപ്പറേറ്റർ ശേഖരിക്കേണ്ടിടത്ത്, കൗൺസിലിന്റെ ശിപാർശയിന്മേൽ സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന, ഒരു ശതമാനത്തിൽ കൂടാതെയുള്ള, അങ്ങനെയുള്ള നിരക്കിൽ, കണക്കാക്കിയ ഒരു തുക ശേഖരിക്കേണ്ടതാണ്.

*** *** *** ***

(9) (4)-ാം ഉപവകുപ്പിൻ കീഴിൽ ഓപ്പറേറ്റർ സമർപ്പിച്ച ഔട്ട്‌വേർഡ് സപ്ലൈയുടെ വിശദാംശങ്ങൾ 37-ാം വകുപ്പിൻ കീഴിൽ ബന്ധപ്പെട്ട വിതരണക്കാരൻ സമർപ്പിച്ച വിവരങ്ങളുമായി പൊരുത്തപ്പെടാത്തിടത്ത്, പ്രസ്തുത വ്യത്യാസം നിർണ്ണയിക്കപ്പെടാവുന്ന <u>പ്രകാരമുള്ള</u> രീതിയിലും സമയത്തിനുള്ളിലും രണ്ട് ആളുകളെയും അറിയിക്കേണ്ടതാണ്.

*** *** *** ***

## <u>അദ്ധ്യായം XI</u>

## റീഫണ്ടുകൾ

54. <u>നികുതി റീഫണ്ട് ചെയ്യൽ.</u>—(1) നികുതിയും അങ്ങനെയുള്ള നികുതിയിൻമേൽ അടച്ച പലിശയും, എന്തെങ്കിലുമുണ്ടെങ്കിൽ, അതും മറ്റേതെങ്കിലും തുകയും തിരികെ നൽകണമെന്ന് അവകാശപ്പെടുന്ന ഒരാൾക്ക്, ബന്ധപ്പെട്ട തുക നൽകിയ തീയതി മുതൽ രണ്ടുവർഷം കഴിയുന്നതിനു മുമ്പേ അപേക്ഷ നൽകാവുന്നതാണ്.

*** *** *** ***

(8) (5)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും റീഫണ്ട് ചെയ്യാവുന്ന തുക,—

(എ) പൂജ്യം നിരക്കിലുള്ള ചരക്കുകളിൻമേലോ സേവനങ്ങളിൻമേലോ രണ്ടിന്റെയുമോ നിക്ഷേപവിഭവത്തിൻമേലോ അല്ലെങ്കിൽ അങ്ങനെയുള്ള പൂജ്യം നിരക്കിലെ വിതരണത്തിന് ഉപയോഗിച്ച നിക്ഷേപവിഭവ സേവനങ്ങളിൻമേലോ ഉള്ള നികുതിയുടെ റീഫണ്ടുമായോ;

*** *** *** ***

<u>വിശദീകരണം</u>.— ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്ക്,—

*** *** *** ***

(2) "ബന്ധപ്പെട്ട തീയതി" എന്നാൽ,

*** *** *** ***

(സി) സേവനങ്ങളെയോ അല്ലെങ്കിൽ അതതു സംഗതിപോലെ അപ്രകാരമുള്ള സേവനങ്ങളിൽ ഉപയോഗിച്ച നിക്ഷേപവിഭവങ്ങളെയോ നിക്ഷേപവിഭവസേവനങ്ങളെയോ സംബന്ധിച്ച് നൽകിയ നികുതിയുടെ റീഫണ്ട് ലഭ്യമാകുന്നിടത്ത്, ഇന്ത്യയ്ക്ക് പുറത്തേയ്ക്ക് സേവനങ്ങൾ കയറ്റുമതി ചെയ്യുന്ന സംഗതിയിൽ,—

(i) അപ്രകാരമുള്ള പണം നൽകൽ ലഭിക്കുന്നതിന് മുൻപ് സേവനങ്ങൾ വിതരണം ചെയ്യുന്നത് പൂർത്തിയാകുന്നിടത്ത്, വിദേശ വിനിമയം ലഭിക്കുന്ന സമയത്ത്;

*** *** *** ***

(ഇ) (3)-ാം ഉപവകുപ്പ് പ്രകാരം, വിനിയോഗിക്കാത്ത നിക്ഷേപവിഭവ നികുതി ഇളവിന്റെ സംഗതിയിൽ അപ്രകാരമുണ്ടാകുന്ന റീഫണ്ടിന് അവകാശവാദമുന്നയിച്ച സാമ്പത്തിക വർഷത്തിന്റെ അവസാനം;

*** *** *** ***

79. <u>നികുതി ഈടാക്കൽ</u>.—(1) ഈ ആക്റ്റിലെയോ, അതിന് കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുടെയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് കീഴിൽ സർക്കാരിലേക്ക് ഏതെങ്കിലും തുക നൽകേണ്ടിടത്ത് ഉചിതമായ ഉദ്യോഗസ്ഥൻ താഴെ പറയുന്ന ഒന്നോ അതിലധികമോ തുക ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്, അതായത്:—

*** *** *** ***

(4) (3)-ാം ഉപവകുപ്പ് പ്രകാരം ഈടാക്കുന്ന തുക കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും ലഭിക്കേണ്ട തുകയേക്കാൾ കുറവാകുന്നപക്ഷം, അതത് സർക്കാരുകളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന തുക, അതത് സർക്കാരുകൾക്ക് ലഭിക്കേണ്ട തുകയ്ക്ക് ആനുപാതികമായിരിക്കുന്നതാണ്.

*** *** *** ***

## അദ്ധ്യായം XVII

## അപ്പീലും റിവിഷനും

107. അപ്പലേറ്റ് അതോറിറ്റിക്കുള്ള അപ്പീലുകൾ.—(1) ഈ ആക്റ്റ് പ്രകാരമോ 2017-ലെ കേന്ദ്ര ചരക്ക സേവന നികുതി ആക്റ്റ് (2017-ലെ 12-ാം കേന്ദ്ര ആക്റ്റ്) പ്രകാരമോ ഉള്ള ഒരു ന്യായ നിർണ്ണയ അതോറിറ്റി പാസ്സാക്കിയ ഏതെങ്കിലും തീരുമാനത്തിന്മേലോ ഉത്തരവിന്മേലോ ആക്ഷേപമുള്ള ഏതൊരു ആൾക്കും പ്രസ്തുത തീരുമാനത്തിന്റേയോ ഉത്തരവിന്റേയോ പകർപ്പ് അയാൾക്ക് നൽകിയിട്ടുള്ള തീയതിമുതൽ മൂന്നു മാസത്തിനുള്ളിൽ അപ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റിക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ബോധിപ്പിക്കാവുന്നതാണ്.

*** *** *** ***

(6) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു അപ്പീലും, അപ്പീൽവാദി,—

*** *** *** ***

(ബി) അപ്പീൽ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തർക്കത്തിലുള്ള തുകയുടെ പത്ത് ശതമാനത്തിന് തുല്യമായ ഒരു തുകയും നൽകാതിരുന്നാൽ,

ഫയൽ ചെയ്യുവാൻ പാടുള്ളതല്ല.

*** *** *** ***

112. അപ്പലേറ്റ് ട്രൈബ്യൂണലിലേക്കുള്ള അപ്പീലുകൾ.—(1) ഈ ആക്റ്റിലെ 107-ാം വകുപ്പോ 108-ാം വകുപ്പോ പ്രകാരമോ അല്ലെങ്കിൽ 2017-ലെ കേന്ദ്ര ചരക്ക സേവന നികുതി ആക്റ്റിന് (2017-ലെ 12-ാം കേന്ദ്ര ആക്റ്റ്) കീഴിലോ പാസ്സാക്കിയ ഒരു ഉത്തരവിന്മേൽ ആക്ഷേപമുള്ള ഏതൊരാൾക്കും അപ്രകാരമുള്ള ഉത്തരവിനെതിരെ അപ്പീൽ നൽകുവാൻ ഉദ്ദേശിക്കുന്ന ആൾക്കോ അപ്പീൽ നൽകുവാൻ ഉദ്ദേശിച്ച് ഉത്തരവ് ലഭിച്ച തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

*** *** *** ***

(8) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു അപ്പീലും അപ്പീൽവാദി,—

*** *** *** ***

(ബി) അപ്പീൽ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള അത്തരം ഉത്തരവിൽ നിന്നുത്ഭവിക്കുന്നതായ 107-ാം വകുപ്പിലെ (6)-ാം ഉപവകുപ്പിൻ കീഴിൽ നല്കിയ തുകയ്ക്കു പുറമെ തർക്കത്തിലുള്ള നികുതി ബാക്കിയുടെ ഇരുപത് ശതമാനത്തിന് തുല്യമായ തുക,

എന്നിവ നല്കാത്തപക്ഷം ഫയൽ ചെയ്യുവാൻ പാടുള്ളതല്ല.

*** *** *** ***

129. <u>കൊണ്ടുപോകുന്ന ചരക്കുകളുടെയും വാഹനങ്ങളുടെയും തടഞ്ഞുവയ്ക്കലും പിടിച്ചെടുക്കലും വിട്ടുകൊടുക്കലും</u>.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി, ഏതെങ്കിലും ആൾ ഏതെങ്കിലും ചരക്കുകൾ കടത്തിക്കൊണ്ടുപോകുകയോ ഏതെങ്കിലും ചരക്ക് സൂക്ഷിക്കുകയോ ചെയ്തിട്ടുള്ളിടത്ത് അപ്രകാരം കടത്തി കൊണ്ടു പോകുമ്പോൾ പ്രസ്തുത ചരക്കുകൾ കടത്താനുപയോഗിച്ച വാഹനവും അപ്രകാരമുള്ള ചരക്കുകളും പ്രസ്തുത ചരക്കുകളുടെയും വാഹനത്തെയും സംബന്ധിച്ചുള്ള രേഖകളും തടഞ്ഞു വയ്ക്കുന്നതിനോ പിടിച്ചെടുക്കുന്നതിനോ ബാധ്യസ്ഥമായിരിക്കുന്നതും, അപ്രകാരം തടഞ്ഞുവച്ചതിനും പിടിച്ചെടുത്തതിനുശേഷം,—

*** *** *** ***

(6) ഏതെങ്കിലും ചരക്കുകൾ കൊണ്ടുപോകുന്ന ആളിനോ ചരക്കുകളുടെ ഉടമസ്ഥനോ, (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്യുപ്രകാരമുള്ള നികുതി തുകയും പിഴയും അപ്രകാരം തടഞ്ഞുവയ്ക്കുകയോ പിടിച്ചെടുക്കുകയോ ചെയ്തതു മുതൽ, ഏഴ ദിവസങ്ങൾക്കകം നൽകുവാൻ കഴിയാത്തപക്ഷം 130-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ ആരംഭിക്കുന്നതാണ്;

എന്നാൽ, തടഞ്ഞുവച്ചതോ പിടിച്ചെടുത്തതോ ആയ ചരക്ക് എളുപ്പത്തിൽ കേടുവരുന്നതോ അപകട സാദ്ധ്യതയുള്ള തരത്തിലുള്ളതോ, സമയം കഴിയുംതോറും മൂല്യത്തിൽ കുറവ് വരുന്നതോ ആണെങ്കിൽ പ്രസ്തുത ഏഴുദിവസക്കാലയളവ് ഉചിതമായ ഉദ്യോഗസ്ഥന്, കുറവ് ചെയ്യാവുന്നതാണ്.

*** *** *** ***

## അദ്ധ്യായം XXI

### പലവക

143. ജോബ് വർക്കിന്റെ നടപടിക്രമം.—(1) രജിസ്റ്റർ ചെയ്യപ്പെട്ട ഒരാൾക്ക് (ഇതിനുശേഷം ഈ വകുപ്പിൽ പ്രിൻസിപ്പൽ എന്നാണ് പരാമർശിക്കപ്പെടുക) അറിയിപ്പ് നൽകുന്നതിൻമേലും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായും, ഏതെങ്കിലും നിക്ഷേപ വിഭവങ്ങളോ മൂലധന ചരക്കുകളോ നികുതി നൽകാതെ ഒരു ജോബ് വർക്കർക്ക് അയക്കാവുന്നതും അതുപോലെ അവിടെനിന്നും മറ്റൊരു ജോബ് വർക്കർക്ക് തുടർന്നും അയക്കാവുന്നതുമാണ്.

*** *** *** ***

(ബി) ജോബ് വർക്ക് പൂർത്തിയാക്കിയതിനുശേഷമോ മറ്റുവിധത്തിലോ നിക്ഷേപ വിഭവങ്ങൾ, മോൾഡുകൾ, ഡൈസ്, ജിഗ്സ്, ഫിക്സ്ചറുകൾ എന്നിവ അല്ലാതെയുള്ള മൂലധന ചരക്കുകൾ അല്ലെങ്കിൽ ഉപകരണങ്ങൾ നികുതി നൽകിക്കൊണ്ട് ഒരു ജോബ് വർക്കറുടെ ഭാരതത്തിനകത്തുള്ള വ്യാപാരസ്ഥലത്ത് നിന്നും, നികുതി നൽകിക്കൊണ്ടോ അല്ലാതെയോ കയറ്റുമതി ചെയ്തുകൊണ്ടും യഥാക്രമം ഒരു വർഷത്തിനുള്ളിലും മൂന്നു വർഷത്തിനുള്ളിലും വിതരണം ചെയ്യേണ്ടതും:

എന്നാൽ പ്രിൻസിപ്പൽ ഒരു ജോബ് വർക്കറുടെ വ്യാപാരസ്ഥലം പ്രസ്തുത ആളുടെ അധിക വ്യാപാര സ്ഥലമായി പ്രഖ്യാപിക്കാത്തപക്ഷം,—

(i) 25-ാം വകുപ്പ് പ്രകാരം ഒരു ജോബ് വർക്കർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലോ;

(ii) കമ്മീഷണർ വിജ്ഞാപനം ചെയ്തേക്കാവുന്ന പ്രകാരമുള്ള ചരക്കുകളും വിതരണത്തിൽ പ്രിൻസിപ്പൽ, ഏർപ്പെട്ടിട്ടുള്ളിടത്തോ ഒഴികെ, ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ജോബ് വർക്കറുടെ വ്യാപാരസ്ഥലത്തു നിന്നും ചരക്കുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല.

*** *** *** ***

## പട്ടിക 1

(7-ാം വകുപ്പ് കാണുക)

## പ്രതിഫലമില്ലാതെ നൽകിയതാണെങ്കിലും വിതരണമായി കരുതപ്പെടുന്ന പ്രവർത്തനങ്ങൾ

1. വ്യാപാരത്തിനുള്ള ആസ്തികളുടെ സ്ഥിരമായ കൈമാറ്റം അല്ലെങ്കിൽ കൈയ്യൊഴിക്കൽ, നിക്ഷേപവിഭവ നികുതി ഇളവ്, അപ്രകാരമുള്ള ആസ്തികൾക്ക് നിക്ഷേപവിഭവ നികുതി ഇളവ് ലഭിച്ചിട്ടുള്ളിടത്ത്.

*** *** *** ***

4. നികുതിവിധേയനായ ഒരു ആൾ ബന്ധപ്പെട്ട ആളിൽ നിന്നോ അല്ലെങ്കിൽ ഇൻഡ്യയ്ക്ക് പുറത്തുള്ള അയാളുടെ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ വ്യാപാരത്തിനിടയിലോ വ്യാപാരം മുൻപോട്ട് കൊണ്ടുപോകുമ്പോഴോ സേവനങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ.

*** *** *** ***

## പട്ടിക II

(7-ാം വകുപ്പ് കാണുക)

## ചരക്കുകളുടെ വിതരണമായോ സേവനങ്ങളുടെ വിതരണമായോ കരുതപ്പെടുന്ന പ്രവർത്തനങ്ങൾ

*** *** *** ***

## പട്ടിക III

(7-ാം വകുപ്പ് കാണുക)

## ചരക്കുകളുടെ വിതരണമായോ സേവനങ്ങളുടെ വിതരണമായോ കരുതപ്പെടാത്ത പ്രവർത്തനങ്ങളോ ഇടപാടുകളോ

1. തൊഴിൽ ചെയ്യുമ്പോഴോ അതുമായി ബന്ധപ്പെട്ടോ ഒരു തൊഴിലാളി ഒരു തൊഴിലുടമയ്ക്ക് നൽകുന്ന സേവനം.

*** *** *** ***

6. ലോട്ടറിയോ, ബെറ്റിങ്ങോ, ചൂതാട്ടമോ അല്ലാത്ത വ്യവഹാരപ്പെടാവുന്ന അവകാശവാദം.

<u>വിശദീകരണം</u>.—2-ാം ഖണ്ഡികയുടെ ആവശ്യത്തിലേയ്ക്കായി "കോടതി" എന്ന പദപ്രയോഗത്തിൽ ജില്ലാ കോടതിയും ഹൈക്കോടതിയും സുപ്രീം കോടതിയും ഉൾപ്പെടുന്നതാകുന്നു.

*** *** *** ***